# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.12)419/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.12)419/2023 തീയ്യതി: 12/04/2023

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-06-2022 മുതൽ 25-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 27-01-2023 | 04-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 04-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബേബി പി. വി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഇ. കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ പി. ബി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ ഡോമിനിക്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ജാസ്മിൻ ഷെരീഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| അനിത രാമൻ | സെക്രട്ടറി | 01-04-2021 | 18-01-2022 |
| മീരാഭായ്.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-01-2022 | 26-01-2022 |
| അനിത രാമൻ | സെക്രട്ടറി | 27-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മീരാ ഭായി.കെ. | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| നാന്ദ.പി.എ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ആശാമോൾ.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ഷബ്ന്നം അബു | മെഡിക്കൽ ഓഫീസർ,,പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. മണികണ്ഠൻ. റ്റി.എസ്. | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| സുമ.എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സ്മിത.ഐ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| മിനി.സി. | ഹെഡ്മിസ്ട്രസ്സ്, | 01-04-2021 | 31-03-2022 |
| ടോണി ജോസഫ്.എ.എഫ്. | ഫിഷറീസ് എക്സ്റ്റെൻഷൻ | 01-04-2021 | 31-03-2022 |
| ഡോ. ദിവ്യ റാണി തോമസ് | വെറ്റിനറി സർജൻ | 01-04-2021 | 04-03-2022 |
| ഡോ. പ്രീത.കെ. | വെറ്റിനറി സർജൻ | 04-03-2022 | 31-03-2022 |
| ശാന്ത. റ്റി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 02-08-2021 |
| രാജതി. കൃഷ്ണൻ. ആർ.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-08-2021 | 22-11-2021 |
| സിന്ധു. കെ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വസ്തു നികുതി | 1-10-1 |
| 12 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 1-10-2 |
| 13 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-3 |
| 14 | Prior Period - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-4 |
| 15 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-5 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-6 |
| 17 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-7 |
| 18 | തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-10-8 |
| 19 | ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ | 1-10-9 |
| 20 | തുകകൾ - വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി | 1-10-10 |
| 21 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-10-11 |
| 22 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-10-12 |
| 23 | ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-10-13 |
| 24 | ഇൻവെസ്റ്റ്മെന്റ് തെറ്റായി ബാങ്ക് നിക്ഷേപമായി രേഖപ്പെടുത്തി | 1-10-14 |
| 25 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-15 |
| 26 | വായ്പ രജിസ്റ്ററിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-10-16 |
| 27 | Capital Work In Progress എന്ന ശീർഷകത്തിൽ തുകകളൊന്നും ചേർത്തിട്ടില്ല | 1-10-17 |

| | | |
|---|---|---|
| 28 | സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം | 1-10-18 |
| 29 | രസീത് ബുക്കുകളിലെ അപാകങ്ങൾ | 1-11 |
| 30 | ക്യാഷ് ബുക്കിലെ അപാകങ്ങൾ | 1-12 |
| 31 | കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 32 | തൊഴിൽനികുതി (ജീവനക്കാർ) - അപാകങ്ങൾ | 1-14 |
| 33 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-15 |
| 34 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-16 |
| 35 | പാരാമെഡിക്കൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-17 |
| 36 | ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 37 | റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല | 1-19 |
| 38 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല | 1-20 |
| 39 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-21 |
| 40 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത | 1-22 |
| 41 | വിമുക്തഭടന്മാരുടെ വസ്തുനികുതി-അപാകങ്ങൾ | 1-23 |
| 42 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു - വരുമാന നഷ്ടം | 1-24 |
| 43 | ആയുർവേദ സുഖചികിത്സാകേന്ദ്രത്തെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-25 |
| 44 | അനധികൃതകെട്ടിടം - തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-26 |
| 45 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് - അപാകങ്ങൾ | 1-27 |
| 46 | നാഷണൽ ഹൈവേ വികസനം-പഞ്ചായത്ത് വക റോഡ് ഭാഗങ്ങൾ, ആസ്തികൾ എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-28 |
| 47 | സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിൽ സേവന ഉപനികുതി ചുമത്താവുന്നതാണ് | 1-29 |
| 48 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകങ്ങൾ | 1-30 |
| 49 | ലീഗൽ ചാർജ്ജസ്-സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-31 |
| 50 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം | 1-32 |
| 51 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം | 1-33 |
| 52 | ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 53 | ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം | 1-35 |
| 54 | ബാലസഭ പ്രവർത്തനം-രേഖകൾ കൃത്യമല്ല-അപാകതകൾ | 1-36 |
| 55 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ മാർഗ്ഗനിർദ്ദേശപ്രകാരമാകണം | 1-37 |

| | | |
|---|---|---|
| 56 | ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെട്ടിട്ടില്ല-പരിഹാരനടപടികൾ സ്വീകരിക്കണം | 1-38 |
| 57 | മെയിന്റനൻസ് കോൺട്രാക്റ്റ്-കരാർ പാലിക്കപ്പെടുന്നില്ല | 1-39 |
| 58 | വെള്ളക്കരം-സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം | 1-40 |
| 59 | വീട് പുനരുദ്ധാരണം - വിശദാംശങ്ങൾ ഹാജരാക്കിയില്ല | 1-41 |
| 60 | എസ്.സി വിവാഹ ധനസഹായം-അപാകതകൾ | 1-42 |
| 61 | എസ്.സി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക്-വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല | 1-43 |
| 62 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം - രേഖകൾ പൂർണമായും ഹാജരാക്കിയില്ല (So94/22) | 1-44 |
| 63 | മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-45 |
| 64 | അക്രഡിറ്റഡ് ഏജൻസികൾ മുഖേനെയുള്ള പദ്ധതി നിർവ്വഹണം - ദീർഘകാലമായി പണി പൂർത്തിയാക്കാതെ തുടരുന്നു | 1-46 |
| 65 | ശ്യാമപ്രസാദ് മുഖർജി നാഷ്ണൽ റർബൻ മിഷൻ പദ്ധതി - കരാറില്ലാതെ 2 കോടിയിലധികം വരുന്ന തുക പൊതുമരാത്ത് വകുപ്പിന് നല്കി | 1-47 |
| 66 | ഇ-ടെണ്ടർ ഫോമിന്റെ വില പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടില്ല | 1-48 |
| 67 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സംബന്ധിച്ച് പദ്ധതി-ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2022ലെ 29(1) നമ്പർ തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 1-49 |
| 68 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 19/02/2021 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 28,10,61,317 | 27,79,13,000 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 31-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,30,83,009.00 |
| വരവ് | 16,07,32,119.00 |
| ആകെ | 173,815,128.00 |
| ചെലവ് | 14,87,01,892.00 |
| നീക്കിയിരിപ്പ് | 2,51,13,236.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,16,60,207 | 2,16,60,207 | 2,12,18,143 | 4,42,064 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 59,08,666 | 59,08,666 | 59,08,666 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,03,67,309 | 1,03,67,309 | 61,14,318 | 42,52,991 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 75,24,180 | 75,24,180 | 52,49,514 | 22,74,666 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ACR പ്രകാരം) | 0 | 96,10,356 | 96,10,356 | 15,35,295 | 80,75,061 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് (ACR പ്രകാരം) | 0 | 78,85,104 | 78,85,104 | 24,69,383 | 54,15,721 |

### 1-5 പദ്ധതി അവലോകനം

| അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചിലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ചിലവ് ശതമാനം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം |
|---|---|---|---|---|
| 195386837 | 120 | 81830523 | 41.88% | 120 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചിലവുകൾ | 12800 | 1076392 | 1089192 | 1086484 | 2708 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28020476 | 28020476 | 28020476 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 9617000 | 9617000 | 9617000 | 0 |
| ആകെ | 12800 | 38713868 | 38726668 | 38723960 | 2708 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി കണക്കിലെ അപാകതകൾ സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ 1-10-0 ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | 2021-22 സാമ്പത്തിക വർഷം നൽകിയ തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 367 | 7244000 |
| വിധവാപെൻഷൻ | 1697 | 34037800 |
| വാർദ്ധക്യകാലപെൻഷൻ | 1564 | 39352800 |
| വികലാംഗപെൻഷൻ | 341 | 7125700 |
| അവിവാഹിത പെൻഷൻ | 63 | 1301400 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 570000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2023 തീയതിയിൽ 4.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8574/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകൾ ഏറെകുറെ കൃത്യതയോടെ പരിപാലിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററുകൾ കൃത്യതയോടെ എഴുതി പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. പല രജിസ്റ്ററുകളും സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഓഡിറ്റ് കാലയളവിൽ തൊഴിൽ നികുതി അസ്സസ്മെന്റ് രജിസ്റ്റർ എഴുതി പൂർത്തികരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവൃത്തിക്കുന്നുണ്ട്. ഡിസ്പ്ലേ സിസ്റ്റം, കുടിവെള്ളം, ഇരിപ്പിട സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറി/പ്രസിഡണ്ട് എന്നിവരുടെ പേരിൽ ദുരിതാശ്വാസ നിധിക്കായി ഓഡിറ്റ് കാലയളവ് വരെയും അക്കൗണ്ട് ആരംഭിച്ചിട്ടില്ല. നിർവ്വഹണ

ഉദ്യോഗസ്ഥർ പലരും TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല (ഉദാ. എച്ച്.എം.) നിർവ്വഹണ ഉദ്യോഗസ്ഥരിൽ അസി. സെക്രട്ടറി കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ രൂപീകരണ, നിർവ്വഹണ, പൂർത്തീകരണ വേളകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായി ഇടപ്പെടലുകൾ കാണുന്നില്ല.തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് സമ്പ്രദായത്തിലാക്കിയിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം./31.01.2023)

### 1-10-1 വസ്തു നികുതി

വസ്തു നികുതി - റെസിഡെൻഷ്യൽ (തൻവർഷം) - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 28,26,474 | 28,06,417 | 33,555 | 3937 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 28,26,474 | 27,88,982 | 33555 | 3937 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(4135/105X100)=3938 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.
2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 17,435 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു.

അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. വസ്തു നികുതി – നോൺ റെസിഡെൻഷ്യൽ (തൻവർഷം) – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2518111 | 25,04,051 | 18,137 | 7195 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25,18,111 | 24,92,779 | 18,137 | 7195 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(7556 /105X100)=127342 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 11272 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. വസ്തു നികുതി – റെസിഡെൻഷ്യൽ (കുടിശ്ശിക) – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 98,732 | 95,869 | 2863 |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 95,629 | 95869 | 2863 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (72644+27766= 100410/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3008X 100/105)=2865 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4. വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 144187 | 137262 | 6925 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 164348 | 137262 | 6925 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(140846+31718 =172565/105*100) =164348 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(7277/105X100)=6930,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

5ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ഡിമാന്റ് | ബാക്കി |
|---|---|---|---|---|---|

| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | കുറവ് ചെയ്തത് | തൻ വർഷം | കുടിശ്ശിക | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 144111 | 5274 | 149385 | 142461 | 4726 | 146830 | 2489 | | 198 | 145 | 343 |
| | നോൺ-റെസിഡൻഷ്യൽ | 126794 | 7298 | 134092 | 125968 | 6946 | 132839 | 1011 | | 361 | 352 | 713 |
| | ആകെ | | | 283477 | | | 279669 | 3500 | | 1056 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 284574 | | | 280101 | | | | 282421 | 1056 | | |
| | | 13277+271297= 284574(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies. ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)) | | | | (431910101 -State Govt. Cess/levies. ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 432/- രൂപ കുറവ് പോസ്റ്റിംഗ് വന്നതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 280101 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 279669 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 282421/- രൂപയാണ്.

6. വസ്തു നികുതി മുൻകൂർ – ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡി.സി.ബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4,79,227 | 4,49,225 |
| 2 | 350410104-Advance Collection Of Revenues | 2,00,324 | 2,01,247 |

| | | | |
|---|---|---|---|
| | -Property Tax On Non-Residential Building | | |

7.വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല .

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ 309 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/22-ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-2 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ഒഴികെ മറ്റൊരു രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കേണ്ട പ്രധാന രജിസ്റ്ററുകൾ താഴെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ട്രേഡേഴ്സ്)
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

1-10-3 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ |
|---|---|---|---|

| | | | തുക |
|---|---|---|---|
| 1 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Factories,Traders,Enterprenuers And Other Services | 67,400 |
| 2 | തൊഴിൽ നികുതി | 350410102-Advance Collection Of Revenue – ProfessionTax – Institutions/Professionals/Traders | 140,080 |

1.

### 1-10-4 Prior Period - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income” ,“190000000 – Prior Period Expenditure ”എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18& I-19) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 3,204 |
| 190100102-Prior Period Income-Profession Tax Institution/ Professionals/ Traders | 21,020 |
| 290500101 -Prior Period Expenses – Tax Remission&Refund-Property Tax On Residential Buildings | 19,982 |

### 1-10-5 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 12030227/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 91,46,186/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-8 തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14 (C)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 3,89,97,156/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 3,87,79,963/- രൂപയാണ്. ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 210354.60/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

ആകെ ചെലവ് തുകയായ 3,89,97,156/- ൽ നിന്നും ആസ്തികൾ നിർമിക്കുന്നതിനുള്ള 210354.60/- രൂപ കുറവ് ചെയ്ത് ബാക്കി റവന്യൂ ചെലവായ 3,87,86,801.40/- രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14 (C)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി വരേണ്ടിയിരുന്നത്. എന്നാൽ 3,89,97,156/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല 210354.60/- രൂപയുടെ ആസ്തികൾ ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. വാർഷികകണക്കുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-9 ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൂന്നയൂർക്കുളം ബ്രാഞ്ചിലുള്ള 67382049589 നമ്പർ അക്കൊണ്ടിന്റെ 31.03.2022-ലെ റീകൺസീലിയേഷൻ പത്രികയിൽ 80,116/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് മാസങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-10-10 തുകകൾ - വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൂന്നയൂർക്കുളം ബ്രാഞ്ചിലുള്ള 67382049589 നമ്പർ അക്കൗണ്ടിന്റെ 31.03.2022-ലെ റീകൺസീലിയേഷൻ പത്രികയിൽ, "Directly Credited By Bank" എന്ന ഇനത്തിൽ 52,000/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

2.സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൂന്നയൂർക്കുളം ബ്രാഞ്ചിലുള്ള 67382049589 നമ്പർ അക്കൗണ്ടിന്റെ പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022-ലെ റീകൺസീലിയേഷൻ പത്രികയിൽ ₹1862 Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-10-11 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

എസ്.ബി.ഐ പുന്നയൂർക്കുളം ബ്രാഞ്ചിൽ എം.ജി.എൻ.ആർ.ജി.എസ്.നായുള്ള 67060149578 നമ്പരായുള്ള അക്കൗണ്ടിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള 31.03.22-ലെ നീക്കിയിരിപ്പ് ₹2390/- യും പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹3028/- യുമാണ്. എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഈ രണ്ടും നീക്കിയിരിപ്പും ₹3028/- ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകതക പരിഹരിക്കേണ്ടതാണ്.

### 1-10-12 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ 2022 മാർച്ച്-ലെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | സൗത്ത് ഇന്ത്യൻ ബാങ്ക് | 0950053000000407 | 2022 മാർച്ച് |

### 1-10-13 ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ആയതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള 31.03.2022-ലെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായില്ല.

### 1-10-14 ഇൻവെസ്റ്റ്മെന്റ് തെറ്റായി ബാങ്ക് നിക്ഷേപമായി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് B-17 Cash And Bank Balance ഷെഡ്യൂളിൽ 450210102 ശീർഷകത്തിൽ Trichur Cooperative Spinning Mill (FD)-(0000001)-ആയി ₹5,000/- രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഇതിന്റെ കൃത്യത പരിശോധികത്തക്കതായ ബാങ്ക് പാസ്ബുക്കോ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയത് സ്ഥിര നിക്ഷേപമാണെങ്കിൽ ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

### 1-10-15 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-10-16 വായ്പ രജിസ്റ്ററിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വായ്പ ഇനത്തിൽ തൻവർഷം 43,40,000/- രൂപ വരവുണ്ട്. ആയതിൽ 30,36,000/- രൂപ തിരിച്ചടക്കുകയും 31/3/2022-ൽ 1,84,52,397/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്ററിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-10-17 Capital Work In Progress എന്ന ശീർഷകത്തിൽ തുകകളൊന്നും ചേർത്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 86,33,738/- രൂപയാണ്. എന്നാൽ 31/3/2022-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ തുകകളൊന്നും ചേർത്തിട്ടില്ലാത്തതാണ്.

### 1-10-18 സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം

ഗ്രാമപഞ്ചായത്ത് 20/9/20 വരെ സാംഖ്യ സോഫ്റ്റ്വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 21/9/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ

സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS-ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ. 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1)Opening Balance Sheet

31/3/20-ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

2)പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

അരിമ്പൂർ ഗ്രാമപഞ്ചായത്ത് 05.09.21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 06.09.21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 05/9/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account, Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലേക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1.Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല.

2.2.Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല.

2.3.Balance Sheet

ILGMS-ൽ Opening Balancesheet (1/4/20 പ്രകാരമുള്ളത്) രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (20/9/21) Receipt, Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS-ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS-ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ളശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 05/9/21-ലെ നീക്കിയിരിപ്പ് | ILGMS പ്രകാരമുള്ള ശീർഷകം | ILGMS-ലെ 06/9/21-ലെ മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 310100101 Panchayat Fund-Gneral Fund | 31,67,813 | | (-)21,98,262 | |

3). Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി .

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 22,08,58,215.00 |
| ആകെ ചെലവ് (B) | | 23,26,54,859.00 |
| മിച്ചം തുക C= A-B | | (-)1,17,96,644.00 |
| Prior Period Income | 24,224.00 | |
| Prior Period Expenditure | 19,982.00 | |
| Net Difference Between Prior Period Income And Expenses ( D ) | 4,242.00 | |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിന ശേഷമുള്ള മി ച്ച തുക (E) =C+D | (-)1,17,96,644.00 + 4,242.00 | -1,17,92,402.00 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ (-)1,17,96,644.00 ൽ നിന്നും 4,242.00 കറച്ചപ്പോൾ ലഭിച്ച (-) 1,18,00,886/- രൂപയാണ് Income And Expenditure Account-ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

| | |
|---|---|
| 31/3/21 ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിന മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 2,25,10,812.8 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിന ശേഷമുള്ള മിച്ച തുക (E) =C+D | -1,17,92,402.00 |
| 31/3/21-ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 1,07,18,410.80 |
| Balance Sheet B-1 Panchayat (General) Fund ഷെഡ്യൂളിൽ 310900101-ലെ നീക്കിയിരിപ്പ് | 1,07,11,354.80 |

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-11 രസീത് ബുക്കുകളിലെ അപാകങ്ങൾ

രസീത് ബുക്കുകളുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു :

1. രസീത് ബുക്കുകളുടെ 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ' രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോള്യം 1 ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 പ്രകാരം 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ' രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം രേഖപ്പെടുത്താത്ത രസീത് ബുക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(എ) വി.ഇ.ഒ. യ്ക്ക് ഇഷ്യൂ ചെയ്ത രസീത് ബുക്കുകൾ (6861, 6863, 6864, 6865),

(ബി) 6873, 10480, 10483 എന്നീ ഓഫീസ് കളക്ഷൻ രസീത് ബുക്കുകൾ

2. രസീത് ബുക്കുകളുടെ ഉപയോഗശേഷം ബാക്കിയുള്ള ഉപയോഗിക്കാത്ത പേജുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഉദാ:- രസീത് ബുക്ക് നം.6865 – 19 രസീതുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് നം. 4931 – 46 രസീതുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് നം. 6860 – 68 രസീതുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി ക്യാൻസൽ ചെയ്തിട്ടില്ല.

രസീത് ബുക്ക് നം. 6872 – 96 രസീതുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ബാക്കി ക്യാൻസൽ ചെയ്തിട്ടില്ല.

3. ലൈബ്രറി രസീത് ബുക്കുകൾക്ക് നമ്പറില്ല. രസീത് ബുക്ക് IX, X എന്ന് പേന കൊണ്ട് നമ്പറിട്ടിട്ടുള്ള രസീത് ബുക്കുകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഓരോ ബുക്കിലെയും രസീതുകൾക്ക് നമ്പർ ഉണ്ട്. രസീത് ബുക്ക് നമ്പർ ഓരോ രസീതുലീഫുകളിലും പ്രിന്റ് ചെയ്യേണ്ടതും ആയത് സ്റ്റോക്കിൽ എടുക്കേണ്ടതുമാണ്. ലൈബ്രറിയിലേക്ക് രസീത് ബുക്ക് ഇഷ്യൂ ചെയ്യുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.
അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ക്യാഷ് ബുക്കിലെ അപാകങ്ങൾ

ബാങ്കിൽനിന്നോ ട്രഷറിയിൽനിന്നോ ഉള്ള പിൻവലിക്കലുകൾ ഉൾപ്പെടെ കാഷ് രൂപത്തിലുള്ള എല്ലാ പണം വാങ്ങലുകളും കാഷ്ബുക്കിന്റെ ഡെബിറ്റ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. അതുപോലെ തന്നെ ബാങ്കിലോ ട്രഷറിയിലോ ഒടുക്കുന്നത് ഉൾപ്പെടെ കാഷ് രൂപത്തിലുള്ള എല്ലാ പണം കൊടുക്കലുകളും കാഷ്ബുക്കിന്റെ ക്രെഡിറ്റ് ഭാഗത്തും രേഖപ്പെടുത്തേണ്ടതാണ്. ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലും നീക്കിയിരിപ്പും പരിഗണിക്കേണ്ടതും കാഷ്ബുക്കിൽ ഒപ്പ് വെക്കേണ്ടതുമാണ്. കാഷ്യറുടെ കൈവശമുള്ള കാഷ്ബാലൻസും കാഷ്ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ കളക്ഷൻ തുകകൾ പുന്നയൂർക്കുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ പിറ്റേ ദിവസം തന്നെ അടവാക്കിയതായി കാണുന്നുണ്ടെങ്കിലും അതേ ദിവസങ്ങളിലെ കാഷ്ബുക്ക് പരിശോധിച്ചതിൽ തുക ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ബാങ്കിൽ അടവാക്കിയ തുകയും കാഷ്ബുക്കിന്റെ ദിനാന്ത്യ നീക്കിയിരിപ്പിൽ ഉൾപ്പെടുവാനിടയായിട്ടുണ്ട്.

| തീയതി | കളക്ഷൻ തുക | കാഷ്ബുക്കിലെ ക്ലോസിംഗ് ബാലൻസ് തുക | ബാങ്കിൽ പണം അടവാക്കിയതിന്റെ കോൺട്രാ എൻട്രി വരുത്തിയത് |
|---|---|---|---|
| 01.08.2022 | 9865 | 110938 (മുന്നിരിപ്പ്) + 9865 = 120803 | - |
| 02.08.2022 | 1955 | 122758 | - |
| 03.08.2022 | 9717 | 132475 | - |
| 04.08.2022 | 7356 | 139831 | - |
| 05.08.2022 | 28694 | 168125 | - |
| 06.08.2022 | 2823 | 170948 | - |
| 08.08.2022 | 8001 | 178949 | - |
| 10.08.2022 | 12065 | 12065 | 179349 |
| 11.08.2022 | 25212 | 25212 | 12065 |
| 12.08.2022 | 33406 | 58618 | - |
| 16.08.2022 | 15223 | 73841 | - |
| 17.08.2022 | 18248 | 85987 | - |
| 19.08.2022 | 8578 | 94565 | - |
| 20.08.2022 | 5267 | 0 | 105934 |
| 22.08.2022 | 9202 | 9202 | - |
| 23.08.2022 | 14711 | 23913 | - |
| 24.08.2022 | 7003 | 30916 | - |

| | | | |
|---|---|---|---|
| 25.08.2022 | 6849 | 37765 | - |
| 26.08.2022 | 10447 | 48212 | - |
| 27.08.2022 | 64677 | 112889 | |
| 29.08.2022 | 69481 | 182370 | 182370 |
| 30.08.2022 | 27860 | 27860 | |
| 31.08.2022 | 48966 | 0 | 76826 |
| | 445606 | | 556544-110938 = 445606 |

കളക്ഷൻ തുക പിറ്റേ ദിവസം തന്നെ ബാങ്കിൽ അടവാക്കിയിരുന്നെങ്കിലും സാംഖ്യ സോഫ്റ്റ്‌വെയറിൽ കോൺട്രാ എൻട്രി ചെയ്യാതിരുന്നതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. കാഷ്ബുക്കിൽ ഇതുപോലെ പലപ്പോഴും ആവർത്തിച്ചിട്ടുണ്ട്. തുക ബാങ്കിൽ അടവാക്കുന്ന ദിവസം തന്നെ കോൺട്രാ എൻട്രി വരുത്താതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/03.02.2023) മറുപടി ലഭ്യമാക്കിയില്ല.

തുക ബാങ്കിൽ അടവാക്കുന്ന ദിവസം തന്നെ കോൺട്രാ എൻട്രി വരുത്താൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).
ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വിജയൻ കെ. എ., കാരയിൽ
2. ജോൺ ബോസ്കോ വി., വടക്കേത്തല
3. അലി അഖാൻ എം., മനിത്തൊടി
4. ബി2എസ് ഡെവലപ്പേർസ്, നായരങ്ങാടി
5. പ്രദീപ് ടി. ആർ., തലപ്പിള്ളി
6. അഷ്കർ എം.പി., കുന്നമ്പത്ത്
7. പ്രവീൺ പ്രസാദ്, പെരിയപുരത്ത്
8. സുനിൽകുമാർ എം.എം., മന്ദകത്തിങ്കൽ
9. അബ്ദുൽ ജബ്ബാർ എ.ടി., വക്കയിൽ പായക്കാട്ട്
10. സുഗതൻ പി.കെ., പൊന്നാരശ്ശേരി
11. സ്വരൂൺ ഡി., ചുങ്കത്തൊടി
12. സുനിൽ ഇ.വി., എടക്കാട്ട്
13. സുരേഷ് കെ.എസ്., കൊട്ടയിൽ

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/03.02.2023) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ് അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി (ജീവനക്കാർ) - അപാകങ്ങൾ

1) തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഓഡിറ്റ് ആരംഭിച്ച ദിവസം തന്നെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ടിട്ടും, ഒരാഴ്ചയോളം വാക്കാൽ ആവശ്യപ്പെട്ടിട്ടും, തൊഴിൽ രജിസ്റ്റർ ഹാജരാക്കുകയുണ്ടായിട്ടില്ല. ഓഡിറ്റ് കാലയളവ് അവസാനിക്കാറായ വേളയിലാണ് തൊഴിൽ നികുതി രജിസ്റ്റർ ഹാജരാക്കിയത്. ആയതിൽ അപൂർണ്ണമായ രേഖപ്പെടുത്തലുകൾ മാത്രമാണ് ഉള്ളത്. 90% പേജുകളും ഒഴിഞ്ഞു കിടന്നിരുന്നു. തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച് സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്റർ അപൂർണ്ണമായത് പരിശോധന ദുഷ്കരമാക്കി. തൊഴിൽ നികുതി എല്ലാ സ്ഥാപനങ്ങളിലെയും എല്ലാ ജീവനക്കാരും അടവാക്കിയിട്ടുണ്ടോ എന്ന പരിശോധന നടത്തുവാൻ സാധിച്ചില്ല. തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കുന്നതിൽ വീഴ്ച വന്നതിനും കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/03.02.2023) മറുപടി ലഭ്യമാക്കിയില്ല.

കയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ),(ജി)). ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് ആയത് അത്യന്താപേക്ഷിതമാണ്. രജിസ്റ്റർ എഴുതി പൂർത്തീകരിക്കേണ്ടതാണ്.

2) തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

(I) താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2021-22 വർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | തഖ്‌വ ജി സ്കൂൾ, അണ്ടത്തോട് |
| 2 | തഖ്‌വ ഇ.എച്ച്.എസ്.എസ്, അണ്ടത്തോട് |
| 3 | തഖ്‌വ അഫ്സൽ ഉൽമ അറബിക് കോളേജ് |
| 4 | പെട്രോൾ പമ്പ്, മാവിൻചോട് |
| 5 | പെട്രോൾ പമ്പ്, ആറ്റുപുറം |
| 6 | ന്യൂ ഡെന്റൽ ക്ലിനിക് |
| 7 | പവീസ് റിസോർട്ട് |
| 8 | ടാലന്റ് എജ്ജുക്കേഷൻ |
| 9 | പ്രതിഭാ കോളേജ് |
| 10 | റൗഹത്ത് റീജൻസി പാപ്പാളി |

(II) താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ ഒരു അർദ്ധവർഷത്തെ തുക ഒടുക്കിയതായി തൊഴിൽ നികുതി റിട്ടേണിൽ നിന്നും വ്യക്തമാകുന്നുണ്ട്. മറ്റേ അർദ്ധവർഷത്തെ തൊഴിൽ നികുതി റിട്ടേൺ ഫയലിലില്ല. ആയതിനാൽ തുക അടവാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/03.02.2023) മറുപടി ലഭ്യമാക്കിയില്ല.

1. കാടമ്പുള്ളി ഇലക്ട്രിക്കൽസ് & പ്ലംബിംഗ് – ഒന്നാം അർദ്ധ വാർഷികം ഒടുക്കിയിട്ടില്ല.
2. ദേവാസുര ഇൻ പ്രൈ. ലി. – രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല
3. സി എസ് ബി ബാങ്ക് – രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല
4. സിവിൽ സപ്ലൈസ് (മാവേലി സ്റ്റോർ) - രണ്ടാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല

(III) സൈമൽ ദന്തൽ ക്ലിനിക് എത്ര രൂപയാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത് എന്ന് രേഖകളിൽ നിന്നും വ്യക്തമല്ല. ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേൺ പരിശോധിച്ചതിൽ മേൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം. 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി തുക 500/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 200, 300 എന്നിങ്ങനെ വ്യത്യസ്തമായ നിരക്കുകൾ ലൈസൻസ് ഫീ ആയി ഈടാക്കുന്നുണ്ട്. പ്രസ്തുത നിരക്കുകൾ ഈടാക്കാൻ അവലംബിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കേണ്ടതാണ്. നിരക്കുകൾ നിശ്ചയിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/03.02.2023) മറുപടി ലഭ്യമാക്കിയില്ല.

2) മേൽ ചട്ടങ്ങൾ ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെക്കൊടുത്തിരിക്കുന്ന ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | ലൈസൻസ് രജിസ്റ്റർ നമ്പർ | യന്ത്രത്തിന്റെ കുതിരശക്തി (HP) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | കൊച്ചുകുട്ടൻ ഇൻഡസ്ട്രീസ് | ഇ കെ വിജയൻ | 10 | 3 | 50 | 0 | 50 |
| 2 | കുഞ്ഞിമോൻ സൺസ് റൈസ് ഫ്ലോർമിൽ | സത്യൻ | 68 | 10 | 100 | 0 | 100 |
| 3 | മരപ്പണി | അപ്പു കെ.കെ. | 88 | 4 | 50 | 0 | 50 |
| 4 | ജെ.എസ് ഫ്ലോർമിൽ | സാംബസി ജനാർദ്ദനൻ | 164 | 10 | 100 | 0 | 100 |
| 5 | കണ്ടമ്പുള്ളി മിൽ | ബീന ബാലൻ | 175 | 10 | 100 | 0 | 100 |
| 6 | കടിക്കാട്ടയിൽ സോമിൽ | മുഹമ്മദ് ഷെരീഫ് | 184 | 38 | 400 | 0 | 400 |
| 7 | ഷക്കീഫ് മോൻ മിൽ & ഓയിൽ | മുഹമ്മദ് അരിമ്പനയിൽ | 189 | 10 | 100 | 0 | 100 |
| 8 | മുഷാക്കൽ ഇൻഡസ്ട്രീസ് | കബീർ പേരോത്തയിൽ | 202 | 13 | 200 | 0 | 200 |
| 9 | ഐഷ റൈസ് ആൻഡ് ഫ്ലോർ മിൽ | ഷംസുദ്ദീൻ കോട്ടപ്പുറത്ത് | 255 | 10 | 100 | 0 | 100 |
| 10 | ജിജീഷ് ഫ്ലോർമിൽ | സി.എ. ശാന്ത | 264 | 10 | 100 | 0 | 100 |
| 11 | ഹിദായത്ത് ഫ്ലോർമിൽ | സഈദ് ഇ.കെ. | 281 | 30 | 300 | 100 | 200 |
| 12 | വി.എം വുഡ് | വി മൊയ്തു | 296 | 5 | 50 | 0 | 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വർക്ക്സ് | വീട്ടിലയിൽ | | | | | |
| 13 | വിസ്മയ റൈസ് ആൻഡ് ഫ്ലോർമിൽ | വിശ്വംഭരൻ കരിപ്പോട്ട് | 331 | 10 | 100 | 0 | 100 |
| 14 | മുബാറക് വുഡ് ഇൻഡസ്ട്രീസ് | ഷംസുദ്ദീൻ ഐനിക്കൽ | 332 | 45 | 500 | 0 | 500 |
| 15 | മാമുണ്ണി ഹാജി | ഷഫീർ ഫ്ലോർമിൽ | 388 | 10 | 100 | 0 | 100 |

കളത്തിങ്കൽ ഇസ്ഹാക്ക് – വുഡ് ഹൗസ് (ലൈസൻസ് രജിസ്റ്റർ നമ്പർ -188) , പ്രദീപ് തൊട്ടുപുറത്ത് – ഹാപ്പി ഡേ ഫ്ലോർ & ഓയിൽ മിൽ (ലൈസൻസ് രജിസ്റ്റർ നമ്പർ–287) എന്നിവരുടെ അപേക്ഷ ലഭ്യമായിട്ടില്ലാത്തതിനാൽ യന്ത്രത്തിന്റെ കുതിരശക്തി സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ സാധിച്ചില്ല ആയത് പരിശോധിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ ക്രമ നം. 287 മുതൽ 390 വരെയുള്ള അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല ആയതിനാൽ പ്രസ്തുത ലൈസൻസുകൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

3. താഴെ കൊടുത്തിട്ടുള്ള സ്ഥാപനം 2021-22 വർഷത്തിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല.

| ഉടമ | സ്ഥാപനം |
|---|---|
| ഡോ. നൂറ കെ. എം. | അമൽ ഹെൽത്ത് കെയർ സ്പെഷ്യലിറ്റി പോളി ക്ലിനിക് ആൻഡ് ലബോറട്ടറി |

ലൈസൻസ് ഫീസും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ലൈസൻസ് ഫീസും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലായി ആകെ 390 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി ലൈസൻസ് അനുവദിച്ചതായി വ്യക്തമാവുന്നുണ്ട്. എന്നാൽ 2021-22 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ /ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിടങ്ങളുടെ വിവരവും, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും, പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യാപാര ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. തൊഴിൽനികുതിയും അടവാക്കിയിട്ടുണ്ടെന്ന് അപ്രകാരം തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.

ഫെബ്രുവരി മാസത്തിലെ അവസാനത്തെ പ്രവൃത്തി ദിവസം, മുൻവർഷം ലൈസൻസ് എടുത്തവരെല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതുമാണ്.

## 1-17 പാരാമെഡിക്കൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1997-ലെ പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ ലൈസൻസ് എടുക്കേണ്ടതും വർഷാവർഷം ലൈസൻസ് പുതുക്കേണ്ടതുമാണ്.

(I) താഴെ കൊടുത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ പാരാമെഡിക്കൽ ലൈസൻസ് എടുത്തിട്ടില്ല/പുതുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | സുധർമ്മ മെട്രോപോളിസ് ലബോറട്ടറി | ശ്രീഹരി കൈപ്പഞ്ചേരി |
| 2 | മെയ്‌വേദ ആയുർവേദ ചികിത്സാലയം | പവിത്രൻ എ. കെ. |

മേൽ സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ ലൈസൻസ് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(II)താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (27/03.02.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | അൽ ആസം ഫാമിലി ഡെന്റൽ ക്ലിനിക്, മന്ദലാംകുന്ന് | ഡോ.അൽ ആസം അഹമ്മദ്, പുത്തൻപുരക്കൽ |
| 2 | ഫെയ്സിൽ അപ്ലിക്കൽസ് ആൻഡ് കോൺക്രീറ്റ് ലൈൻ സെന്റർ | രാജി എ.എസ്., എരവീട് |

ഈ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് പുതുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012-ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തി കൊണ്ടു പോകുന്നതിനോ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(1) കന്നുകാലി ഫാം : 5 മൃഗങ്ങൾ
(2) ആട് ഫാം : 20 മൃഗങ്ങൾ
(3) പന്നി ഫാം : 5 മൃഗങ്ങൾ
(4) മുയൽ ഫാം : 25 മൃഗങ്ങൾ
(5) പൗൾട്രി ഫാം : 100 പക്ഷികൾ

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ താഴെക്കൊടുത്തിരിക്കുന്ന ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | റംല ഹൈഡ്രോസ് | 2/160 A | 120 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 2. | ഫൈസൽ തേച്ചൻപുരയ്ക്കൽ | 15/2 A | 242 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി |

| | | | | |
|---|---|---|---|---|
| | | | | ഷെഡ് - കോഴി വളർത്തൽ ഷെഡ് |
| 3. | സിദ്ദിഖ് നാലകത്ത് | 18/39 B | 445.27 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - കോഴി വളർത്തൽ ഷെഡ് |

മേൽ കൊടുത്തിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു.

മേൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/03.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകളെ കണ്ടെത്തി ആയവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കുകയോ അല്ലെങ്കിൽ 2012-ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നു പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-19 റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ. | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 6 / 451 | കുഞ്ഞുമുഹമ്മദ്, മുല്ലപ്പിള്ളിക്കാട്ടിൽ വെമ്പയിൽ വീട്, പുന്നയൂർക്കുളം | 121060100911 /24.08.2021 | 2021 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 249 |
| 2 | 3/452 E | പ്രസിഡന്റ് & സെക്രട്ടറി, ഉപ്പുങ്ങൽ മഹല്ല് മുസ്ലിം ജമാഅത്ത് കമ്മിറ്റി, അണ്ടത്തോട് | 121060100487 / 16.07.2021 | 2020 രണ്ടാം അർദ്ധ വർഷം, 2021 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 429 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.3/28.01.2023) സഞ്ചയ സോഫ്റ്റ്വെയറിൽ പ്യൂരിഫിക്കേഷനു വേണ്ടി തുറക്കുന്ന സമയത്ത് രസീത് ക്യാൻസൽ ചെയ്തു കൊള്ളാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല.സഞ്ചയ പ്രകാരം 17 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|
| | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| (1) Thangalppadi | 548 | 1 | 547 | 0 | 547 | 1 | 546 | 2 |
| (2) Nakkola | 528 | 0 | 528 | 0 | 528 | 0 | 528 | 0 |
| (3) Cherayi | 570 | 0 | 570 | 0 | 570 | 0 | 570 | 0 |
| (4) Thrippatt | 560 | 0 | 560 | 0 | 560 | 2 | 558 | 2 |
| (5) Mavinchuvadu | 572 | 0 | 572 | 0 | 572 | 0 | 572 | 0 |
| (6) Punnayurkulam | 721 | 0 | 721 | 0 | 721 | 0 | 721 | 0 |
| (7) Chammannur North | 706 | 0 | 706 | 0 | 706 | 0 | 706 | 0 |
| (8) Chammannur South | 666 | 0 | 666 | 0 | 666 | 1 | 665 | 1 |
| (9) Paroor | 493 | 1 | 492 | 0 | 492 | 1 | 491 | 2 |
| (10) Attupuram | 672 | 5 | 667 | 0 | 667 | 1 | 666 | 6 |
| (11) Althara | 886 | 2 | 884 | 0 | 884 | 0 | 884 | 2 |
| (12) Punnookavu | 534 | 0 | 534 | 0 | 534 | 0 | 534 | 0 |
| (13) Kadikkad | 508 | 0 | 508 | 0 | 508 | 0 | 508 | 0 |
| (14) Poozhikkala | 791 | 1 | 790 | 0 | 790 | 0 | 790 | 1 |
| (15) Edakkara | 547 | 0 | 547 | 0 | 547 | 0 | 547 | 0 |
| (16) Pappali | 471 | 0 | 471 | 0 | 471 | 0 | 471 | 0 |
| (17) Kumaranpadi | 455 | 0 | 455 | 0 | 455 | 0 | 455 | 0 |
| (18) Andathode | 514 | 1 | 513 | 0 | 513 | 0 | 513 | 1 |
| (19) Periyambalam | 458 | 0 | 458 | 0 | 458 | 0 | 458 | 0 |
| Total | 11200 | 11 | 11189 | 0 | 11189 | 6 | 11183 | 17 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/03.02.2023) മറുപടി ലഭ്യമാക്കിയില്ല. ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2) (ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | ഫയൽ നം./അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | I /180 I, J, K,M,N,O,P,Q | അമീർ ബക്കർ & അജിനാ ബക്കർ കളത്തിങ്ങൽ | SC3-621/2022 31.01.2022 | 1.10.2021 – 31.3.2022 |
| 2 | XI/228A | സമീറ, യസ്സി, സുബിത, ഫൗസിയ ചെട്ടിശ്ശേരി | SC3-309/22 03.03.2022 | 1.4.2021- 30.9.2021 |
| 3 | XI/228B | സമീര,യസ്സി, സുബിത, ഫൗസിയ ചിറവട്ടത്ത് തറയിൽ | SC3-309/22 03.03.2022 | 1.4.2021- 30.9.2021 |
| | | | SC3-309/22 16.03.2022 | 1.10.2021 – 31.3.2022 |
| 4 | XII/283 A, B | പ്രസിഡന്റ് കൊറോതയിൽ ജുമാ അത്ത് പള്ളി | SC3-1530/22 15.03.2022 | 1.10.2021 – 31.3.2022 |
| | | | SC3-1530/22 21.03.2022 | 1.4.2021- 30.9.2021 |
| 5 | XVI/257 A,B,C,D, G,H,I,J,K, L,M | എ കെ പവിത്രൻ പവീസ് റിസോർട്ട് | 4248//21 14.03.2022 | 1.10.2021 – 31.3.2022 |
| 6 | XVII/240 B | ഉസ്മാൻ പണിക്ക വീട്ടിൽ | SC3/1727/22 21.03.2022 | 1.10.2021 – 31.3.2022 |
| 7 | XVII/240 C,D,E | ഉസ്മാൻ മാമ്പറ്റയിൽ | SC3/1727/22 21.03.2022 | 1.10.2021 – 31.3.2022 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.26/03.02.23) മറുപടി ലഭ്യമാക്കിയില്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പൊളിച്ച മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ X, XIX വാർഡുകളിലെ 2020-21 വർഷത്തിൽ പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ പൊളിച്ച നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | കെട്ടിട നമ്പർ | പേര് | നികുതി ഒടുക്കാത്ത കാലയളവ് |
|---|---|---|---|---|
| 1 | BA/2765 /2021/ 03.08.2021 | X/461 | മുഹമ്മദ് കൊമ്പത്ത് | 2021 ഒന്നാം അർദ്ധവർഷം |
| 2 | SC3/961 /2022/ 15.02.2022 | XIX/85,86,87,88,89 | കരുമത്തിൽ ജയ | 2021 രണ്ടാം അർദ്ധവർഷം |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/03.02.2023) മറുപടി ലഭ്യമാക്കിയില്ല. പൊളിച്ചുകളഞ്ഞു കൊണ്ട് നികുതി ഒഴിവാക്കി നൽകണമെന്ന് അപേക്ഷ ലഭിക്കുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഈടാക്കുന്നതിന് ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 വിമുക്തഭടന്മാരുടെ വസ്തുനികുതി-അപാകങ്ങൾ

വിമുക്തഭടന്മാരുടെ വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികളുടെ ഭവനത്തിന് നികുതിയിളവ് നൽകുന്നതായി കാണുന്നു. എന്നാൽ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിറ്റ്സ് (26.03.2022-ലെ തീരുമാനം നം.2(2)) പ്രകാരമുള്ള ലിസ്റ്റിൽ ടി വ്യക്തികളുടെ പേരില്ല. ടി വ്യക്തികൾക്ക് നികുതിയിളവ് നൽകുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/03.02.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | കെട്ടിട നം. | വീട്ടുടമസ്ഥൻ |
|---|---|---|
| 1 | VI/228 | അപ്പുണ്ണി പള്ളിയിൽ |
| 2 | X/551 | പ്രസന്ന കണ്ണത്ത് |
| 3 | XI/65 | ഷിനോജ് ചേന്ദ്രാൻ |
| 4 | XI/330B | വെള്ളത്തേരി ഗീത |
| 5 | XI/517 | മേരി മേലിട്ട് |
| 6 | XII/407 | ചുമ്മാർ ഡേവിഡ് |
| 7 | XIII/239A | ശോഭന കണ്ടിരിങ്ങത്ത് |
| 8 | XIV/204 | മാമുണ്ണി ഹാജി പൂവത്തിങ്കൽ |
| 9 | XIV/230 | രാമനാഥൻ പേരോത്ത് |
| 10 | XIV/231 | ശാരദ കട്ടിക്കാട് |
| 11 | XIV/323 | ലക്ഷ്മി കാട്ടാമ്പിൽ |

സ.ഉ(കൈ)നം.106/17/ത.സ്വ.ഭ.വ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. പഞ്ചായത്തിൽ പ്രസ്തുത ഇളവിന് അർഹരായവരുടെ അപേക്ഷകൾ/സാക്ഷ്യപത്രം, രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-24 വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചു - വരുമാന നഷ്ടം

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 40/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 40/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | IV/428B | രവീന്ദ്രൻ പൊറ്റയിൽ | 121.21 |
| 2 | VII/349 | ചേമ്പാലക്കാട്ടിൽ മുഹമ്മദ് ഷെരീഫ് | 169 |
| 3 | IX/126 | ഹുസൈൻ വീട്ടിലയിൽ | 126 |

| | | | |
|---|---|---|---|
| 4 | X/77 | മൻസൂർ പണ്ടോത്തയിൽ | 172.64 |
| 5 | XI/218 | ബീക്കിരി ഹാജി പന്തലായിനത്തറയിൽ | 105 |
| 6 | XI/239J | അബ്ദുൾ റഹ്മാൻ ചന്ദനത്ത് | 118 |
| 7 | XI/251 | സെക്രട്ടറി, വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ | 119 |
| 8 | XI/252 | സെക്രട്ടറി, വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ | 119 |
| 9 | XIV/543B | അബ്ദുൾ ഗഫൂർ, മുഹമ്മദ് വെൺമാടത്തയിൽ | 106 |
| 10 | XIV/543C | അബ്ദുൾ ഗഫൂർ, മുഹമ്മദ് വെൺമാടത്തയിൽ | 154 |
| 11 | XV/293D | അബ്ദുൽ റഹിമാൻ & ഷീന ചന്ദനത്ത് | 134.26 |

100ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി 40/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് 60/- രൂപയുമാണ് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 26/3.2.23) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 ആയുർവേദ സുഖചികിത്സാകേന്ദ്രത്തെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിന് അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 24.02.2015 ലെ സ.ഉ.(അച്ചടി) നം.36/2015/ത.സ്വ.ഭ.വ. പ്രകാരം ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് കുറഞ്ഞ നിരക്ക് 150/- രൂപയും കൂടിയ നിരക്ക് 160 രൂപയും എന്ന് നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ആയുർവേദ ചികിത്സാകേന്ദ്രങ്ങൾക്ക് 160 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിന് നിലവിൽ റിസോർട്ട് ഇനത്തിൽപ്പെടുത്തി 80/- രൂപ/ച.മീ. വസ്തു നികുതി ഈടാക്കി വരുന്നു. മെയ്‌വേദ ആയുർവേദിക് റിസോർട്ട്സ് & വെൽനെസ് സെന്റർ പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തെ 'ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ' എന്ന ഗണത്തിൽ(വസ്തുനികുതി നിരക്ക്(ച. മീ.) 160/-) ഉൾപ്പെടുത്താതെ റിസോർട്ട് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.
ടി സ്ഥാപനം 2022-23 വർഷത്തിൽ സ്വകാര്യാശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നേടിയിട്ടുള്ളതാണ്.
കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | വസ്തുനികുതിക്ക് ഉൾപ്പെടുത്തിയ ഗണം നിരക്ക് (ച. മീ.) | തറവിസ്തീർണ്ണം (ച. മീ.) | ഈടാക്കുന്ന വാർഷിക വസ്തുനികുതി |
|---|---|---|---|---|---|---|
| 1 | മെയ്‌വേദ ആയുർവേദിക് റിസോർട്സ് ആൻഡ് വെൽനെസ് സെന്റർ | പവിത്രൻ എ കെ | XVI/257A | റിസോർട്ട് നിരക്ക് 80/- | 73 | ₹4906 |
| | | | XVI/257B | റിസോർട്ട് നിരക്ക് 80/- | 73 | ₹4906 |
| | | | XVI/257C | റിസോർട്ട് നിരക്ക് 80/- | 73 | ₹4906 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രൈ.ലി. | | XVI/257D | റിസോർട്ട് നിരക്ക് 80/- | 73 | ₹4906 |

മേൽ സ്ഥാപനത്തിന്റെ കെട്ടിടങ്ങൾ, റിസോർട്ട് ഉപയോഗക്രമത്തിൽ നിന്ന് മാറ്റി ആയുർവേദ സുഖചികിത്സാകേന്ദ്രം എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 160/- രൂപ നിരക്കിൽ ഈടാക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/03.02.2023) മറുപടി ലഭ്യമാക്കിയില്ല. അപ്രകാരം 160/- രൂപ നിരക്ക് നിശ്ചയിക്കുമ്പോൾ വരുന്ന വസ്തു നികുതി നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച. മീ.) | | വസ്തു നികുതി നിരക്ക് | ഇളവുകൾ/ വർദ്ധനവുകൾ | ആകെ | ലൈബ്രറി സെസ്സ് (5%) | ആകെ വസ്തു നികുതി | വാർഷിക വസ്തു നികുതി നഷ്ടം |
|---|---|---|---|---|---|---|---|---|---|
| 1 | XVI/257A | 73 | നിലവിൽ ഈടാക്കുന്നത് | 23x80 =5840 | 20% ഇളവ് 1168 | 4672 | 234 | 4906 | 3971 |
| | | | നിലവിൽ ഈടാക്കേണ്ടത് | 73x160 =11680 | 20% ഇളവ് 2336 | 9344 | 467 | 8877 | |
| 2 | XVI/257B | 73 | നിലവിൽ ഈടാക്കുന്നത് | 73x80 =5840 | 20% ഇളവ് 1168 | 4672 | 234 | 4906 | 3971 |
| | | | നിലവിൽ ഈടാക്കേണ്ടത് | 73x160 =11680 | 20% ഇളവ് 2336 | 9344 | 467 | 8877 | |
| 3 | XVI/257C | 73 | നിലവിൽ ഈടാക്കുന്നത് | 73x80 =5840 | 20% ഇളവ് 1168 | 4672 | 234 | 4906 | 3971 |
| | | | നിലവിൽ ഈടാക്കേണ്ടത് | 73x160 =11680 | 20% ഇളവ് 2336 | 9344 | 467 | 8877 | |
| 4 | XVI/257D | 73 | നിലവിൽ ഈടാക്കുന്നത് | 73x80 =5840 | 20% ഇളവ് 1168 | 4672 | 234 | 4906 | 3971 |
| | | | നിലവിൽ ഈടാക്കേണ്ടത് | 73x160 =11680 | 20% ഇളവ് 2336 | 9344 | 467 | 8877 | |
| ആകെ | | | | | | | | | 15884 |

റിസോർട്ട് ഉപയോഗക്രമത്തിൽ നിന്നും മാറ്റി ആയുർവേദ സുഖചികിത്സാകേന്ദ്രം എന്ന ഗണത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഗ്രാമപഞ്ചായത്തിന് വാർഷിക വസ്തു നികുതി നഷ്ടം 15884/- രൂപയാണ്. ഏതു വർഷം മുതലാണ് ടി സ്ഥാപനം ഇപ്രകാരം പ്രവർത്തനം തുടങ്ങിയതെന്ന് പരിശോധിക്കേണ്ടതും കുടിശ്ശിക ഇടാക്കാനുണ്ടെങ്കിൽ ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വസ്തു നികുതി നഷ്ടം സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും ഭരണസമിതി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

### 1-26 അനധികൃതകെട്ടിടം - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വാർഡ് അഞ്ചിൽ കുന്നനയിൽ അസീസ്, പുതിയവീട്ടിൽ നക്കോലക്കൽ കുഞ്ഞിബാപ്പ എന്നവർ ചേർന്ന് നിർമ്മിച്ചിട്ടുള്ള വന്നേരി പാലസ് & കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 01/01/2018-ൽ എ2-82/2012 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുള്ളതും ടി പെർമ്മിറ്റ് പ്രകാരം നിർമ്മാണം നടന്നുകൊണ്ടിരിക്കെ ടി പെർമ്മിറ്റ് 10/01/2024 വരെ പുതുക്കിയിട്ടുള്ളതുമാണ്. പഞ്ചായത്തിൽ നിന്നും ഒക്യുപൻസി ലഭിക്കുന്നതിന് മുൻപേ പ്രസ്തുത കെട്ടിടത്തിൽ അനധികൃതമായി ഓഡിറ്റോറിയം പ്രവർത്തിക്കുന്നതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ട് ആയതിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. തുടർന്നും അനധികൃതമായി പ്രവർത്തിച്ച കെട്ടിടത്തിന് 5/352-A അനധികൃത നമ്പറായി അനുവദിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 235W(1) വകുപ്പ് പ്രകാരം ടി കെട്ടിടത്തിന്റെ ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക

അടവാക്കേണ്ടതാണ് എന്നും അടിയന്തരമായി കെട്ടിടത്തിന് ഒക്യുപൻസി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും അറിയിച്ചുകൊണ്ട് പുന്നയൂർക്കുളം പഞ്ചായത്ത് സെക്രട്ടറി 400667/BAUV01 /GA/2023/816/(2) തീ. 27.01.2023 ഉത്തരവ് പ്രകാരം ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. 04.02.2023 ഡിമാൻഡ് പുനർനിർണ്ണയിച്ച 1290985/- രൂപയുടെ ഡിമാൻഡ് നോട്ടീസ് അയച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 കെട്ടിട നിർമ്മാണ പെർമ്മിറ്റ് - അപാകങ്ങൾ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2020, 24.09.2020 പ്രാബല്യത്തിൽ ഭേദഗതി ചെയ്തിട്ടുണ്ട്. ചട്ടം 5 പ്രകാരം ബിൽഡിംഗ് പെർമ്മിറ്റിന്റെ അപേക്ഷയോടൊപ്പം (അപ്പന്റിക്സ് L) സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. 300$m^2$ ന് മുകളിലും 1000$m^2$ താഴെയും നിർമ്മിത വിസ്തൃതിയുള്ളതുമായ (15 മീറ്റർ ഉയരത്തിൽ കൂടാത്തതുമായ) കെട്ടിടങ്ങളുടെ കാര്യത്തിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ അപ്രകാരം ഉറപ്പാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ഫയൽ നം. | ബിൽഡിംഗ് പെർമ്മിറ്റ് നം. | കെട്ടിട ഉടമ | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 4697/01.09.2021 | A4JBA(312432)/2021 10.12.21 | ജമീല നാലകത്ത് | 363.11 $M^2$ |
| 2 | 309/22 /14.01.2022 | SC3-BA 46222/22 07.02.22 | അബ്ദുൾ ഗഫൂർ & അദേഴ്സ്, വെണ്മാടത്തയിൽ | 332.40 $M^2$ |
| 3 | 462/22 22.1.22 | SC3-BA58141/22 16.02.22 | അബൂബക്കർ കാനക്കോട്ട് | 557.04$m^2$ |

മേൽ കെട്ടിടങ്ങളുടെ അപ്പന്റിക്സ് L സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ പെർമ്മിറ്റ് ഫീയായി എത്ര തുക അടവാക്കി എന്ന് ഫയൽ/രജിസ്റ്റർ എന്നിവയിൽ നിന്ന് വ്യക്തമല്ല.

1. പ്രസിഡന്റ്, കൊറോതയിൽ ജുമാ മസ്ജിദ് ന്റെ പേരിലുള്ള വാണിജ്യകെട്ടിടം (ഫയൽ നം. 1529/22/ 15.03.2022, ബിൽഡിംഗ് പെർമ്മിറ്റ് നം. SC3-342753/22/2.11.22, ഏരിയ -580.36$m^2$)

2. അബ്ദുൾ ഹക്കിം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 492.67$m^2$ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം (ഫയൽ നം. 1824/21/ 25.11.2021, ബിൽഡിംഗ് പെർമ്മിറ്റ് നം. SC3-BA 53793/22/ 11.2.22)

മേൽ കെട്ടിടങ്ങൾ പെർമ്മിറ്റ് ഫീയായി എത്ര തുക അടവാക്കി എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/04.02.2023) മറുപടി ലഭ്യമാക്കിയില്ല. വിസ്തീർണ്ണത്തിന് ആനുപാതികമായ നിരക്കിലാണോ പെർമ്മിറ്റ് ഫീ അടവാക്കിയിട്ടുള്ളത് എന്ന പരിശോധന നടത്തുവാൻ സാധിച്ചില്ല. പെർമിറ്റ് ഫീസ് കണക്കാക്കിയതിലും ഈടാക്കിയതിലും കുറവു സംഭവിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ നഷ്ട തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 നാഷണൽ ഹൈവേ വികസനം-പഞ്ചായത്ത് വക റോഡ് ഭാഗങ്ങൾ, ആസ്തികൾ എന്നിവ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ ആയത് കടന്നുപോകുന്ന ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പല റോഡ് ഭാഗങ്ങളിലൂടെയും പുതിയ നാഷണൽ ഹൈവേ 66 കടന്നുപോകുന്നുണ്ട്. ആയതിന്റെ ഭാഗമായി താഴെ സൂചിപ്പിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 20/03-02-2023) നൽകിയിട്ടുണ്ട്.

1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന നാഷണൽ ഹൈവേ 66 ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം റോഡ് ഭാഗങ്ങളിലൂടെയാണ്/റോഡിലൂടെയാണ് കടന്നുപോകുന്നത് ? ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഏതെങ്കിലും ആസ്തി ഈ ഹൈവേ കടന്നു പോകാനിരിക്കുന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്നുണ്ടോ?

2.ഗ്രാമപഞ്ചായത്തിന്റെ വക ആസ്തിയായിട്ടുള്ള റോഡ്/ റോഡ് ഭാഗങ്ങൾ/ഭൂമി/കെട്ടിടങ്ങൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുമായി എന്തെങ്കിലും കത്തിടപാടുകൾ, ഉടമ്പടികൾ, ധാരണകൾ നടത്തിയിട്ടുണ്ടോ?

3. ഇതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഗ്രാമപഞ്ചായത്തുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ?

4. ഗ്രാമപഞ്ചായത്തിന്റെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി നീക്കം ചെയ്തിട്ടുണ്ടോ?

5. നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വക ആസ്തി നാഷണൽ ഹൈവേക്ക് കൈമാറുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

6. സർക്കാരിൽനിന്നും ഇത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോ ?

7. നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ/സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായിട്ടുണ്ടോ?

8. വസ്തു ഏറ്റെടുക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി അധികാരികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ?

മേൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

2005-ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള വസ്തു ആർജ്ജിക്കലും കൈയൊഴിയലും ചട്ടങ്ങളിലെ അദ്ധ്യായം 2 (വസ്തു കൈയൊഴിയൽ) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള വസ്തുക്കൾ വില്പന വഴി കൈമാറ്റം ചെയ്യുവാനാണ് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ വ്യവസ്ഥയുള്ളത്. ആസ്തികൾ മറ്റ് തരത്തിൽ കൈമാറ്റം ചെയ്യുവാൻ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാരത്തുക നൽകിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട റോഡ് ഭാഗങ്ങൾ ഉൾപ്പെടെയുള്ള ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതു തന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് ആവശ്യത്തിലേക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 22100027/ 19.04.2021 | 110074 |
| 22100144/31.05.2021 | 104002 |
| 22100200/15.06.2021 | 103960 |
| 22100296/27.07.2021 | 102971 |
| 22100348/13.08.2021 | 87820 |
| 22100004/16.09.2021 | 93539 |
| 22100116/23.11.2021 | 94487 |
| 22100780/24.11.2021 | 97183 |
| 22100211/28.12.2021 | 95692 |

| | |
|---|---|
| 22100303/24.01.2022 | 116004 |
| 22100371/19.02.2022 | 92019 |
| 22100490/19.03.2022 | 100313 |
| ആകെ | 1198064 |

ഇതിനുപുറമേ തെരുവു വിളക്ക പരിപാലനത്തിനായുള്ള പ്രോജക്ടപ്രകാരം 1,62,000/- രൂപയും (പ്രോജക്ട് നമ്പർ 56/22), തെരുവു വിളക്ക റിപ്പയറിനായി 367304/- രൂപയും (വൗച്ചർ നം. 22100247/06.07.2021) ചേർത്ത് ആകെ 5,29,304/- രൂപയും പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

മേൽ വിവരിച്ച പ്രകാരം മൊത്തം ₹17,27,368/- രൂപ തെരുവുവിളക്കുകളുടെ പരിപാലനത്തിനും, വൈദ്യുത ചാർജ്ജിനുമായി 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്. 2021-22 വർഷത്തിൽ വസ്തുനികുതിയിനത്തിലുള്ള ഡിമാന്റ് ₹53,44,585/- ആണ്. തെരുവുവിളക്കുകളുടെ പരിപാലനത്തിനായുള്ള 2021-22 വർഷത്തെ ചെലവ് ആകെ വസ്തുനികുതി വരുമാനത്തിന്റെ 32.31%-ൽ അധികമാണ്.

1994-ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ ഏതെങ്കിലും പ്രദേശത്ത് ഇപ്രകാരം സേവന ഉപനികുതി പിരിക്കുന്നുണ്ടോ, ഇല്ലെങ്കിൽ അപ്രകാരമുള്ള ഒരു ശുപാർശ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്ക് എപ്പോഴെങ്കിലും വന്നിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/03.02.2023) മറുപടി ലഭ്യമായില്ല.
സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി പിരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ തീരുമാനമെടുത്തു നടപ്പിലാക്കാവുന്നതാണ്.

## 1-30 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | പാത്തുട്ടി തറയിൽ | 10.03.2022 | 107180201352 | ആക്ടീവ് |
| 2 | കുഞ്ഞുമുഹമ്മദ് മുസ്ലിയാർ | 17.12.2021 | 2220264677 | ആക്ടീവ് |
| 3 | അബ്ദുൾ റഹമാൻ ഹാജി | 24.02.2022 | 2220264553 | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ/ തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാല | തുക | ആകെ | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | യളവ് | | | |
| 1 | കോരൻ കൊല്ല വളപ്പിൽ | 107160200262 | വാർദ്ധക്യ കാല പെൻഷൻ | 19.12.21 | 23/2021 21.2.2022 | സസ് പെൻഡ് | 01/22 – 05/22 | 1600 | 8000 | 8000 |
| 2 | അബ്ദുൾ കരീം | 107160201708 | വാർദ്ധക്യ കാല പെൻഷൻ | 29.10.21 | 64/2022 11.04.2022 | സസ് പെൻഡ് | 11/21 – 04/22 | 1600 | 9600 | 9600 |
| 3 | കുഞ്ഞു മുഹമ്മദ് | 107160202537 | വാർദ്ധക്യ കാല പെൻഷൻ | 12.12.21 | 04/22 13.01.2022 | സസ് പെൻഡ് | 01/22 – 05/22 | 1600 | 8000 | 8000 |
| 4 | പാത്തുമ്മു പാറം പുരയ്ക്കൽ | 107160600723 | വിധവ പെൻഷൻ | 23.11.21 | 05/22 15.01.22 | സസ് പെൻഡ് | 12/21 – 02/22 | 1600 | 4800 | 4800 |
| 5 | രമണി തയ്യിൽ | 107160100744 | കർഷക തൊഴിലാളി പെൻഷൻ | 28.12.21 | 16/22 25.01.22 | സസ് പെൻഡ് | 01/22 – 05/22 | 1600 | 8000 | 8000 |
| 6 | പാത്തുട്ടി തറയിൽ | 107180201352 | വാർദ്ധക്യ കാല പെൻഷൻ | 10.03.22 | 66/22 13.04.2022 | ആക്ടീവ് | 04/22 – 11/22 | 1600 | 12800 | 12800 |
| 7 | ഹമീദ് | 107160200380 | വാർദ്ധക്യ കാല പെൻഷൻ | 20.03.22 | 69/22 22.04.2022 | സസ് പെൻഡ് | 04/22 -05/22 | 1600 | 3200 | 3200 |
| 8 | അബ്ദുൾ കാദർ | 107160202347 | വാർദ്ധക്യ കാല പെൻഷൻ | 21.03.22 | 70/22 22.04.2022 | സസ് പെൻഡ് | 04/22 -05/22 | 1600 | 3200 | 3200 |
| 9 | ഇസ്മയിൽ അസൈനാര കത്ത് | 107160200210 | വാർദ്ധക്യ കാല പെൻഷൻ | 06.03.22 | 72/22 22.04.2022 | സസ് പെൻഡ് | 04/22 -05/22 | 1600 | 3200 | 3200 |
| 10 | സുബ്രമണ്യൻ വെളിയത്ത് | 107160100627 | കർഷക തൊഴിലാളി പെൻഷൻ | 24.03.22 | 73/22 23.05.2022 | സസ് പെൻഡ് | 04/22 – 05/22 | 1600 | 3200 | 3200 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 64000 |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ പുന്നയൂർക്കുളം പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ /തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമ നിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | കുഞ്ഞു മുഹമ്മദ് മുസ്ലിയാർ | 2220264677 | ക്ഷേമ നിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ | 17.12.2021 | 09/2022 15.01.2022 | ആക്ടീവ് | Agri Culture Office, Punnayur Kulam | 01/22 - 11/22 | 1600 | 17600 | 17600 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | അബ്ദുൾ റഹ്മാൻ ഹാജി | 2220264553 | ക്ഷേമ നിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ | 24.02.2022 | 59/2022 22.03.2022 | ആക്ടീവ് | Agri Culture Office, Punnayur Kulam | 03/22 – 06/22 | 1600 | 6400 | 6400 |
| ആകെ അധികം നൽകിയ തുക | | | | | | | | | | | 24000 |

4. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന 2 പേർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| | Pensioner ID | Aadhar No. | Pensioner Name |
|---|---|---|---|
| 1 | 107160100621 | 363752258859 | മീനാക്ഷി |
| 2 | 107160601126 | 857413255960 | ശാരദ ഗോവിന്ദൻ |

മേൽ കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കുവാനും മേൽ പറഞ്ഞ അപാകങ്ങൾക്കും മരണപ്പെട്ട ശേഷവും പെൻഷൻ ഐഡി സേവനയിൽ നിന്ന് നീക്കം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കുവാനും കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാനും ഓഡിറ്റ് എൻക്വയറി (നമ്പർ 12/01.02.23) മുഖേന ആവശ്യപ്പെട്ടിരുന്നു എങ്കിലും മറുപടി ലഭ്യമായില്ല.

ഓഡിറ്റിന് ഹാജരാക്കിയ മരണറിപ്പോർട്ടുകളിൽ 01.04.2021 മുതൽ 31.12.2021 വരെയുള്ളവയിൽ നിന്നും ആധാർകാർഡിന്റെ പകർപ്പ് നീക്കം ചെയ്താണ് പരിശോധനയ്ക്കായി നല്കിയിട്ടുള്ളത്. ഇക്കാലയളവിൽ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഇക്കാലയളവിൽ മരണപ്പെട്ട എല്ലാവരുടെയും വിവരങ്ങൾ പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന. ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനർഹമായി നൽകിയ തുക എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 ലീഗൽ ചാർജ്ജസ്-സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസിനത്തിൽ പതിനഞ്ചായിരം രൂപ നൽകിയിട്ടുണ്ട്, എന്നാൽ ടി വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ഫീസ് നൽകിയതിൽ നിന്ന് ഈടാക്കിയ ആദായ നികുതി വിവരങ്ങൾ, തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-32 ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം

പഞ്ചായത്തിൽ നായ/പന്നി ലൈസൻസ് അനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 21-22 വർഷത്തിൽ 30 നായകൾക്ക് ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4 തീ. 30/01/23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2019-ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 65 വളർത്ത് നായ്ക്കളുണ്ടെന്നും, എന്നാൽ നടപ്പു വർഷത്തിൽ 126 എണ്ണത്തിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. എല്ലാ നായകൾക്കും ലൈസൻസ് എടുക്കുന്നില്ലെന്നും, പേ വിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ലെന്നും വ്യക്തമാണ്, മാത്രമല്ല ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട 6,500 രൂപയിൽ 300 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കേരള പഞ്ചായത്ത് രാജ് റൂൾ4/1998 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നം.W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്.

വളർത്തു നായ്ക്കളിൽ നിന്ന് പേ വിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവ് മാനിച്ചു കൊണ്ട്, 8/8/21 തിയ്യതിയിലെ സർക്കുലർ നം. RC3/24/ത.സ്വ.ഭ.വ പ്രകാരം ആവശ്യമായ ബോധവൽക്കരണം നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## 1-33 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

പുന്നയൂർകുളം പഞ്ചായത്തിൽ നിലവിൽ മുപ്പത്തിരണ്ട് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് ഇരുപത്തിയാറെണ്ണത്തിനാണ്. അഞ്ചെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരെണ്ണം വാടക ഇല്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പതിനേഴെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, എൽ.പി.ജി. കണക്ഷനും, വാട്ടർ കണക്ഷനുമുണ്ട്.

പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണ്. ബേബി ഫ്രണ്ടിലിയായ ആറ് അങ്കണവാടികളുണ്ട്, കൂടുതൽ ആവശ്യമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം സ്ഥലം കണ്ടെത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ലൈഫ് പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് മിഷൻ ഭവന നിർമ്മാണം, പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി ഷിജി രതീഷ്, മാങ്കിയത്ത് വീട്,മുണ്ടി കല്ലോല വളപ്പിൽ വീട്, ഉഷ ദേവദാസ് കൈതക്കാട്ടയിൽ വീട് എന്നീ ഗുണഭോക്താക്കൾ ആദ്യ ഗഡു (40,000 രൂപ,) ധനസഹായം കൈപ്പറ്റി ഒരു വർഷത്തിലേറെയായിട്ടും പണിപൂർത്തീകരിച്ച് അടുത്ത ഗഡു കൈപ്പറ്റിയതായി കാണുന്നില്ല ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18 തിയ്യതി 2-2-23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം സാമ്പത്തിക ബുദ്ധിമുട്ട് കാരണം ടി ഗുണഭോക്താക്കൾ ഭവനത്തിന്റെ തറപണി പോലും പൂർത്തിയാക്കിയിട്ടില്ലായെന്നും, പിന്നീട് അവരുടെ മീറ്റിങ്ങ് വിളിച്ചിരുന്നെങ്കിലും സഹകരിക്കാത്തതിനാൽ മെമ്പർമാർ മുഖാന്തിരം വിവരം ധരിപ്പിച്ചിട്ടുണ്ടെന്നും, ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും

അറിയിച്ചിട്ടുണ്ട്. മുൻക്കൂർ കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓർമ്മ കുറിപ്പും, നൽകേണ്ടതും സാമ്പത്തിക പ്രയാസമുള്ളവർക്ക് അനുഭാവപൂർവ്വമായ നടപടികളിലൂടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, ഇല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ അനിവാര്യമാണെങ്കിൽ ടി നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-35 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം

പുന്നയൂർകുളം പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ നം.216/21-22 ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ (അടങ്കൽ-2,87,680 ചെലവ് -2,87,680 -) പദ്ധതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ പറയുന്നു.

2-7-21 തിയ്യതിയിലെ സ.ഉ.(ആർ.ട്ടി.)നം.1250/ത.സ്വ.ഭ.വ. പ്രകാരം ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുമ്പോൾ പ്രവർത്തിക്കുന്ന ദിവസങ്ങളിൽ അംഗങ്ങൾക്ക് 750 രൂപ നൽകേണ്ടതാണ്, എന്നാൽ 300 രൂപ മാത്രമാണ് നൽകിയിരിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.14 തിയ്യതി- 2-2-23ന് ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്തിൽ നിലവിൽ പതിനായിരത്തോളം വീടുകളും, രണ്ടായിരത്തോളം കടകളുമുണ്ടെങ്കിലും കോവിഡ് സമയമായതിനാൽ എല്ലായിടത്തും പൂർണ്ണതോതിലുള്ള പങ്കാളിത്തമുണ്ടായിട്ടില്ലാത്തതിനാൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉത്തരവ് പ്രകാരമുള്ള നിരക്കിൽ വേതനം നൽകാൻ ആവശ്യമായ വരുമാനം യൂസർ ഫീയിനത്തിൽ നിന്ന് ലഭ്യമാകുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ വേണ്ടവിധം സഹകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി നോട്ടീസ് വിതരണം നൽകൽ, പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾക്ക് ഹരിതകർമ്മ സേന യൂസർഫീ കാർഡ് നിർബന്ധമാക്കൽ, ഗ്രാമസഭയിൽ ടി. വിഷയം അജണ്ടയാക്കി മാലിന്യ സംസ്കരണത്തെ കുറിച്ച് അവബോധം സൃഷ്ടിക്കൽ, മാലിന്യ സംസ്കരണത്തെകുറിച്ച് കുട്ടികൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തികൾ ആസൂത്രണം ചെയ്യാവുന്നതും , പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുകയോ, പ്ലാസ്റ്റിക്ക് തുടങ്ങിയ വസ്തുക്കൾ കത്തിക്കുകയോ ചെയ്യുന്നവർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. യൂസർ ഫീ കളക്ഷൻ കാര്യക്ഷമമാക്കിയാൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ വരുന്ന ചെലവ് ഒഴിവാക്കാൻ സാധിക്കുന്നതാണ്, ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-36 ബാലസഭ പ്രവർത്തനം-രേഖകൾ കൃത്യമല്ല-അപാകതകൾ

പദ്ധതി നമ്പർ - 44/21-22. – ബാലസഭ പ്രവർത്തനം

നിർവ്വഹണോദ്യോഗസ്ഥൻ –അസി. സെക്രട്ടറി

അടങ്കൽ – 25,000 (പൊതു വിഭാഗം, സാധാരണ വിഹിതം)

ചെലവ് – 22,028

ബിൽ നമ്പർ –52,083/തിയ്യതി –15/01/22 – തുക 22,028

അസി. സെക്രട്ടറി നടപ്പാക്കിയ ബാലസഭ പ്രവർത്തനം പദ്ധതി ഫയൽ പരിശോധിച്ചതിൽ സ്റ്റേഷനറി വാങ്ങിയിട്ടുള്ളതിന്റേയും, വേതനം നൽകിയതിന്റെ വിവരങ്ങൾ ഭക്ഷണം വാങ്ങിയതിന്റെ ഹോട്ടൽ ബില്ലുകൾ എന്നിവ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. എന്നാൽ ആയതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രോഗ്രാം സംബന്ധിച്ച വിവരങ്ങളും, പങ്കെടുത്തവരുടെ ഹാജർ, ഫോട്ടോഗ്രാഫുകൾ, പ്രോഗ്രാമിന്റെ ലഘുവിവരണം മുതലായ വിവരങ്ങൾ ലഭ്യമല്ല. പ്രവർത്തനങ്ങൾ സംബന്ധിച്ച ചെറുവിവരണം നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-37 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ മാർഗ്ഗനിർദ്ദേശപ്രകാരമാകണം

2020-21 വാർഷിക പദ്ധതിയുടെ ഭാഗമായ പന്ത്രണ്ടിന പരിപാടി-മാർഗ്ഗരേഖ (സ.ഉ.(കൈ)നം.45/2020 /ത.സ്വ.ഭ.വ തിയ്യതി. 6/3/20 പ്രകാരം ദേശീയ പാതകളുടേയും, അല്ലെങ്കിൽ തത്തുല്യ പ്രാധാന്യമുള്ള മറ്റ് റോഡരികുകളിലും, ബസ്സ് സ്റ്റാൻഡ്, മാർക്കറ്റ് തുടങ്ങി പൊതുജനം കൂടുതലായി വരുന്ന സ്ഥലങ്ങളിലും ടേക്ക് എ

ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണം. പുന്നയൂർകുളം പഞ്ചായത്തിൽ ടി നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.7 (30-1-23) ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് ആരംഭിച്ചിട്ടില്ലായെന്നും പണികൾ പൂർത്തിയായി വരുന്നുണ്ടെന്നുമാണറിയിച്ചിട്ടുള്ളത്. സി.ആർ.സെഡ് പരിധിയിൽ വരുന്ന സ്ഥലങ്ങൾ കഴിയുന്നിടത്തോളം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിലൂടെ കടന്ന് പോകുന്ന ദേശീയ പാത 66 ന്റെ നവീകരണ പ്രവർത്തനങ്ങൾ കഴിയുമ്പോൾ ഗതാഗതം പതിൻമടങ്ങ് വർദ്ധിക്കുന്ന സാഹചര്യമുള്ളതിനാൽ ദേശീയ പാതയിലെ യാത്രക്കാർക്ക് കൂടുതൽ ഉപകരിക്കുന്നതിനായി ടി മാർഗ്ഗരേഖ 4.2 പ്രകാരം കഴിയുന്നിടത്തോളം സി.എസ്.ആർ, എം.പി, എം.എൽ.എ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണമെന്നും, ആയതിന്റെ പരിപാലനത്തിനും,സുഗമമായ നടത്തിപ്പിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

### 1-38 ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെട്ടിട്ടില്ല-പരിഹാരനടപടികൾ സ്വീകരിക്കണം

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ നം 181/21-22 ആശ്രയ, അടങ്കൽ 1,50,000/- രൂപ ചെലവ് 25,000 രൂപ, ട്രഷറി ബിൽ നം.4-തിയ്യതി 17/1/22 (എ.സി.ആർ) നം.60/29/12/21 അലാട്ട്മെന്റ് നമ്പർ 173/1-1-22) പദ്ധതിയുടെ ചെലവ് രേഖകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11 തിയ്യതി 31/1/23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം സാംഖ്യ വെബ്ബിൽ ചെലവ് വരുകയും എന്നാൻ സുലേഖ സോഫ്റ്റ്‌വെയറിൽ ചെലവ് വന്നിട്ടില്ലാത്തതുമാണ്. സാങ്കേതികമായി വന്നിട്ടുള്ള ഈ പിഴവ് പരിഹരിക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷന് കത്ത് നൽകേണ്ടതാണ്. കൂടാതെ മേലിൽ ഓഡിറ്റിനായി രേഖകൾ സമർപ്പിക്കുന്നതിന് മുൻപായി ഇത്തരം ന്യൂനതകൾ പരിശോധിക്കേണ്ടതുമാണ്.

### 1-39 മെയിന്റനൻസ് കോൺട്രാക്ക്-കരാർ പാലിക്കപ്പെടുന്നില്ല

സെക്രട്ടറി നടപ്പാക്കിയ നം.177/21-22 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി നൽകൽ പദ്ധതി പ്രകാരം കരാർ ലഭിച്ചിട്ടുള്ള അലൈൻ ഇൻഫോടെക്ക് കൊച്ചി എന്ന സ്ഥാപനം യഥാസമയം സേവനം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതിന് 22/2/22ലെ എസ്.സി-2/പ്ലാൻ/22 കത്ത് പ്രകാരം കരാർ ലംഘനത്തിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. കരാർ ലംഘനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് എതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/30/1023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിൽ പ്രസ്തുത സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ കരാർ റദ്ധാക്കി തുക തിരിച്ചീടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-40 വെള്ളക്കരം-സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം

പഞ്ചായത്തിൽ നിലവിലുള്ള 74 പൊതുടാപ്പുകളുടെ മാർച്ച്/22 മാസത്തെ വെള്ളക്കരമിനത്തിൽ തൻമാസ ഡിമാന്റും (33997/- രൂപ), കുടിശ്ശിക (986920/- രൂപ), പിഴ (19372/- രൂപ) ആകെ 1040289/- രൂപയുടെ ഡിമാന്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുള്ളതും, തൻമാസ ഡിമാന്റ് തുകയായ (33997/- രൂപ) മാത്രം അടവാക്കിയിട്ടുള്ളതുമാണ് ഇത്രയും വലിയ തുകക്കുള്ള കുടിശ്ശിക ഡിമാന്റ് ലഭിക്കാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19-2/2/23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള 74 പൊതുടാപ്പുകളിൽ ഉപയോഗയോഗ്യമായ ടാപ്പുകൾ കണ്ടെത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനായി വകുപ്പിലേക്ക് കത്ത് നൽകേണ്ടതും പരിശോധന നടത്തി നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും. കുടിശ്ശികയും മറ്റും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-41 വീട് പുനരുദ്ധാരണം - വിശദാംശങ്ങൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ – അസി. സെക്രട്ടറി

പ്രോജക്ട് നമ്പർ - S0181/21.

ട്രഷറി ബിൽ നം. -7/2021 -22.dtd. 27.2.22. 25000/ -

ആശ്രയ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുനരുദ്ധാണത്തിന് ധനസഹായം എന്ന പ്രോജക്ടിൽ ശ്രീമതി ജമീല

എന്നവർക്ക് എൽ.എസ്.ജി.ഡി. ഓവർസീയറുടെ വാല്യൂവേഷൻ/കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 25000/- രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുക ഗുണഭോക്താവിന് ഉറപ്പിക്കുന്നതിനായുള്ള യു.ടി.ആർ പത്രിക, ഗുണഭോക്താവിന്റെ അപേക്ഷ ഫയൽ, ആശ്രയ ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പരിഷ്ക്കരിച്ച പ്രോജക്ട് പരിശോധനയക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം. 16/1.2.23 പ്രകാരം വിവരങ്ങൾ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയിയുടേയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുക 25000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 എസ്.സി വിവാഹ ധനസഹായം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ – അസി. സെക്രട്ടറി

പ്രോജക്ട് നം. – S014/22.

ട്രഷറി ബിൽ നം. 1/21 -22.dtd.26.10.21. $675000/ - (9 പേർക്ക്)

ട്രഷറി ബിൽ നം. 2/21 -22.dtd.27.11.21. $75000/ - (1ആൾക്ക്)

ട്രഷറി ബിൽ നം. 5/21 -22.dtd.29.11.21. $375000/ - (5പേർക്ക്)

ട്രഷറി ബിൽ നം. 6/21 -22.dtd.28.2.22. $75000/ - (1ആൾക്ക്)

മേൽ പ്രോജക്ടിൽ വികസന ഫണ്ട് (SCP) പ്രകാരം 750000/- രൂപയാണ് വകയിരുത്തിയ അടങ്കൽ തുക. പ്രോജക്ടിൽ 10 പേർക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ പ്രോജക്ടിൽ വകയിരുത്തിയ അടങ്കൽ തുകയേക്കാൾ കൂടുതലായ 12 ലക്ഷം രൂപ ചെലഴിച്ചിട്ടുണ്ട്. പ്രോജക്ട് പരിഷ്ക്കരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 4.8.21-ലെ കമ്മറ്റി തീരുമാനം നമ്പർ 1/26 പ്രകാരം 12 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 16 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. 7 പേർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളത്. ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയോടെ പരിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് ഹാജരാക്കിയില്ല. ഉണ്ണികൃഷ്ണൻ M.S, രാധ തൈക്കാട്ടിൽ എന്നിവർ അപേക്ഷയോടൊപ്പം പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല. ഗുണഭോക്താക്കൾക്ക് തുക ലഭിച്ചത് സംബന്ധിച്ചുള്ള യു.ടി.ആർ പത്രിക സമർപ്പിച്ചിട്ടില്ല. പട്ടികജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്താതിനാലും 9 പേർക്ക് നൽകിയ തുക 675000/- കൃത്യമായ മറുപടി ലഭിക്കുന്നത് വരെ ഓഡിറ്റിൽ തയസ്സപ്പെടുത്തുന്നു. ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. കാർത്തു കെ.കെ
2. ഉണ്ണികൃഷ്ണൻ എം.എസ്
3. രാധ കൈതകാട്ടിൽ
4. അമ്മിണി മൂപ്പാടത്ത്
5. കുട്ടൻ മൂപ്പാടത്ത്
6. മണി ദേവദാസൻ
7. പ്രസന്ന പൂച്ചത്തേൻ
8. ബിന്ദു മൂക്കണത്തതറയിൽ
9. ചക്കമ്മ

(ഓഡിറ്റ് എൻക്വയറി നം.16/1.2.2023.)

## 1-43 എസ്.സി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക്-വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ -S0037/22

നിർവ്വഹണ ഉദ്യോഗസ്ഥ – അസി. സെക്രട്ടറി

ട്രഷറി ബിൽ നം. 7/2021 -22.dtd.28.2.22 –115750/ -

ട്രഷറി ബിൽ നം. 8/2021 -22.dtd.22.3.22 - 37040/ -

മേൽ പ്രോജക്ടിൽ 66 ഗുണഭോക്താക്കൾക്ക് വാട്ടർടാങ്ക് നൽകുന്നതിന് വികസന ഫണ്ട് (SCP) 152790/- രൂപയും ഗുണഭോക്തൃ വിഹിതം 51480/- (സ്ഥാപനത്തിൽ അടവാക്കുന്നത്) ഉൾപ്പെടെ മൊത്തം 204270/- രൂപ വകയിരുത്തിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചത് പ്രകാരം താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത സൗത്ത് പോളിമേഴ്സ് പാലക്കാട് (3095/-) എന്ന സ്ഥാപനത്തിൽ കരാർ അംഗീകരിച്ചു. രണ്ട് ഘട്ടമായിട്ടാണ് പദ്ധതി നടപ്പാക്കായിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 50 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് നൽകിയിട്ടുണ്ട്. എന്നാൽ ക്രമ നം. 43 മുതൽ 50 വരെയുള്ള അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രണ്ടാം ഘട്ടം നല്കിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ ക്രമ നമ്പറിട്ട് കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം 51480/- രൂപ അടവാക്കിയതിന്റെ രശീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓരോ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ എത്ര തുക വീതം പിരിച്ചെടുത്തിട്ടുണ്ട്. സൗത്ത് പോളിമേഴ്സ് പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും മുഴുവൻ തുകയ്ക്കുള്ള കൈപ്പറ്റ് രശീത് വാങ്ങി സൂക്ഷിച്ചിട്ടുണ്ട് (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ഉള്ള തുകയ്ക്ക്) എന്നാൽ സ്ഥാപനത്തിന്റെ ഇൻവോയ്സ് ഫയലിൽ കാണാൻ കഴിഞ്ഞില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം - രേഖകൾ പൂർണമായും ഹാജരാക്കിയില്ല (S094/22)

പ്രോജക്ട് നം. - S094/22

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

ട്രഷറി ബിൽ നം. 2/2021 -22 Dtd.19.3.22. 219905/-

ട്രഷറി ബിൽ നം. 9/2021 -22 Dtd. 31.3.22. 115324/-

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം എന്ന പ്രോജക്ടിൽ 8 വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്നും വാങ്ങി ആയവ വിതരണം ചെയ്തിട്ടുണ്ട്. കാർത്തികേയൻ കെ.പി, എന്ന വിദ്യാർത്ഥി ഒറിജിനൽ കോളേജ് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രിൻസിപ്പൾ സാക്ഷ്യപത്രത്തിൽ ഒപ്പ് വെച്ചിട്ടില്ല. രേഖപ്പെടുത്തിയിട്ടുള്ള സാക്ഷ്യപ്പെടുത്തലുകൾ കൃത്യതയില്ല. അമൽ ഷാജി എന്ന വിദ്യാർത്ഥി കോളേജ് സാക്ഷ്യപത്രം, പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും ഇതേ ആനുകൂല്യം മുമ്പ് കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ദുർഗാഞ്ജലി പി.ബി. പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഹാജരാക്കിയിട്ടില്ല. ശ്രീപ്രിയ ടി.കെ. യൂണിവേഴ്സിറ്റി പ്രൈവറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പട്ടിക ജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഹരിനാരായണൻ കെ. എസ്. എന്ന വിദ്യാർത്ഥി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയാണ്. ഗുണഭോക്താക്കളിൽ നിന്നും കൈപറ്റ് രശീത് വാങ്ങി സൂക്ഷിച്ചിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതു വരെ 5 വിദ്യാർത്ഥികൾക്ക് നല്കിയ ലാപ്ടോപ്പിന്റെ തുക @43981 *5 =219905/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 2/27.1.23 ന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

## 1-45 മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ യഥാവിധി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നില്ല. മരുന്നുകൾ ഗഡുക്കളായി മാത്രമാണ് ലഭിക്കുന്നത്. മരുന്നുകൾ സമയ ബന്ധിതമായി ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇനിയും മരുന്നുകൾ ലഭിക്കാത്ത മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ട്രഷറി ബിൽ നം. തിയതി, തുക | ബാലൻസ് മരുന്ന് തുക |
|---|---|---|
| ജിവിത ശൈലി രോഗികൾക്ക് മരുന്ന് വാങ്ങൽ S0018/22 | 35/2021-22 Dtd 10.1.22. 318899/ - | 57094/- |

| | | |
|---|---|---|
| PHC യിലേക്ക് മരുന്ന് വാങ്ങൽ S0047/22 | 37/2021 -22 Dtd. 18.1.22. 187048/ - 40/2021-22 Dtd. 10.2.22. 20483/- | 17106/- 7935/- |

മുൻ വർഷങ്ങളിലേതുൾപ്പടെ ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 അക്രഡിറ്റഡ് ഏജൻസികൾ മുഖേനെയുള്ള പദ്ധതി നിർവ്വഹണം - ദീർഘകാലമായി പണി പൂർത്തിയാക്കാതെ തുടരുന്ന

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പട്ടികപ്പെടുത്തിയ പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവ്വഹണം നടത്തിയിട്ടുള്ളതാണ്.
നിർവ്വഹണ ഏജൻസി :കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

| ക്രമ നം. | പ്രോജക്ടിന്റെ പേരു വിവരം | പ്രോജക്ട് നമ്പരും വർഷവും | നല്കിയ തുകയും തിയതിയും | | ടെക്നിക്കൽ സാങ്ഷൻ നമ്പരും തിയതിയും | കരാർ നമ്പരും തിയതിയും | എസ്റ്റിമേറ്റ് തുക | കരാർ പ്രകാരം പൂർത്തീകരണ കാലയളവ് | കരാർ ഒപ്പുവെച്ച് 31.03.22-ന് പൂർത്തിയാക്കിയ കാലയളവ് |
|---|---|---|---|---|---|---|---|---|---|
| 1 | വനിതാ പരിശീലന കേന്ദ്രം പൂർത്തീകരണം | 215/20 | 4,50,000 | 20.03.20 | 65/2020-21/ RNK/TCR Dt.03.06.20 | പി22/2019-20/ ആർ.എൻ.കെ/ ടി.സി.ആർ തി: 21.03.20 | 22,50,000 | 9 മാസം | 2 വർഷം |
| | | 215/20 | 2,25,000 | 23.03.20 | | | | | |
| | | 215/20 | 2,00,525 | 30.03.20 | | | | | |
| | | 176/21 | 6,75,000 | 19.03.20 | | | | | |
| | | 176/21 | 2,49,475 | 28.03.21 | | | | | |
| | | 153/22 | 4,00,000 | 22100646/ 29.03.22 | | | | | |
| | | ആകെ | 22,00,000 | | | | | | |
| 2 | വയോജന വിശ്രമ കേന്ദ്രം നിർമ്മിക്കൽ | 212/20 | 2,21,750 | 30.03.20 | 59/2020-21/ RNK/TCR Dt.03.06.20 | പി19/2019-20/ ആർ.എൻ.കെ/ ടി.സി.ആർ തി: 21.03.20 | 16,45,000 | 9 മാസം | 2 വർഷം |
| | | 175/21 | 4,75,330 | 17.03.20 | | | | | |
| | | 152/22 | 2,21,750 | 22100654/ 08.10.21 | | | | | |
| | | 152/22 | 2,02,570 | 22100672/ 11.11.21 | | | | | |
| | | 152/22 | 4,00,000 | 22100614/ 26.03.22 | | | | | |
| | | ആകെ | 15,21,400 | | | | | | |
| 3 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യ വികസനം | 231/20 | 4,95,000 | 23.03.20 | 66/2020-21/ RNK/TCR Dt.03.06.20 | പി21/2019-20/ ആർ.എൻ.കെ/ ടി.സി.ആർ തി: 21.03.20 | 33,00,000 | 12 മാസം | 2 വർഷം |
| | | 231/20 | 57,250 | 30.03.20 | | | | | |
| | | 179/21 | 9,90,000 | 19.03.21 | | | | | |
| | | 179/21 | 10,35,270 | 29.03.21 | | | | | |
| | | 223/22 | 2,36,000 | 22100613/ 26.03.22 | | | | | |
| | | ആകെ | 28,13,520 | | | | | | |
| 4 | എം.സി.എഫ്. | 221/20 | 4,33,500 | 20.03.20 | 60/2020-21/ | പി18/2019-20/ | 14,45,000 | 8 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ആർ.ആർ.എഫ്. നിർമ്മിക്കൽ | 177/21 | 4,33,500 | 19.03.21 | RNK/TCR Dt.03.06.20 | ആർ.എൻ.കെ/ ടി.സി.ആർ തി: 21.03.20 | | മാസം | വർഷം |
| | | 142/22 | 5,37,693 | 31.03.22 | | | | | |
| | | | 14,04,693 | | | | | | |
| 5 | ടേക്ക് എ ബ്രേക്ക് | 218/22 | 8,00,00 | 31.03.21 | 88/2020-21/ RNK/TCR Dt.05.11.20 | 8/എഇ/എൽ. എസ്.ജി.ഡി/ പി.കെ.എൽ.എം /2020-21 തി:5-11-20 | 40,00,000 | 12 മാസം | 2 വർഷം 3 മാസം |
| | | 162/22 | 12,00,000 | 02.02.22 | | | | | |
| | | 162/22 | 12,00,000 | 24.03.22 | | | | | |
| | | | 32,00,000 | | | | | | |
| 6 | മന്ദലാംകുന്ന് കിണർ വായന ശാല നിർമ്മാണം | 54/20 | 3,22,500 | 20.03.20 | 61/2020-21/ RNK/TCR Dt.03.06.20 | പി20/2019-20/ ആർ.എൻ.കെ/ ടി.സി.ആർ തി: 21.03.20 | 16,45,000 | 9 മാസം | 2 വർഷം |
| | | 168/21 | 4,93,500 | 19.03.21 | | | | | |
| | | 168/21 | 3,29,0000 | 28.03.21 | | | | | |
| | | 148/22 | 96,862 | 22100150/ 03.12.21 | | | | | |
| | | 148/22 | 3,88,638 | 22100535/ 03.12.21 | | | | | |
| | | | 16,30,500 | | | | | | |

നിർവ്വഹണ ഏജൻസി : നിർമ്മിതി കേന്ദ്ര തൃശ്ശൂർ

| ക്രമ നം. | പ്രോജക്ടിന്റെ പേരു വിവരം | പ്രോജക്ട് നമ്പരും വർഷവും | നല്കിയ തുകയും തിയതിയും | | ടെക്നിക്കൽ സാങ്ഷൻ നമ്പരും തിയതിയും | കരാർ നമ്പരും തിയതിയും | എസ്റ്റിമേറ്റ് തുക | കരാർ പ്രകാരം പൂർത്തി കരണ കാലയളവ് | കരാർ ഒപ്പുവെച്ച് 31.03.22-ന് പൂർത്തി യാക്കിയ കാലയളവ് |
|---|---|---|---|---|---|---|---|---|---|
| 1 | ചമ്മണ്ണൂർ സ്കൂൾ നിർമ്മാണം പൂർത്തീ കരണം | 217/21 | 1,50,000 | 22001202/ 26.03.21 | 129/20-21 തി:06.11.20 | 15/എഇ/എൽ. എസ്.ജി.ഡി/ പി.കെ. എൽ.എം/ 2020-21 തി:6-11-20 | 7,50,000 | 6 മാസം | 2 വർഷം 3മാസം |
| | | 161/22 | 6,00,000 | 22100517/ 30.03.22 | | | | | |
| | | ആകെ | 7,50,000 | | | | | | |

മേൽ പ്രോജക്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 32/04.02.2023-യ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞ പ്രോജക്ടുകളൊന്നും തന്നെ പൂർത്തികരിച്ചതായി കാണിക്കുന്ന വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ ഇല്ലാത്തതാണ്. മേൽ പട്ടികപ്പെടുത്തിയ പ്രകാരം പദ്ധതി നിർവ്വഹണത്തിനായി കരാർ ഒപ്പുവെച്ചും, പദ്ധതി നിർവ്വഹണത്തിനായി മുൻകൂർ കൈപ്പറ്റിയും രണ്ടു വർഷക്കാലം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനോ, ജില്ലാ നിർമ്മിതി കേന്ദ്രത്തിനോ കഴിഞ്ഞിട്ടില്ലാത്തതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഫണ്ട് വകയിരുത്തിയ വർഷം തന്നെ പൂർത്തീകരിക്കാനാവാത്ത അവസ്ഥയുണ്ടായാൽ ഫണ്ട് നിർവ്വഹണ ഏജൻസിയ്ക്ക് കൈമാറുന്നതിന് സാധിക്കാതെ വരികയും ആ വർഷത്തെ ഫണ്ട് നഷ്ടപ്പെടുന്ന സ്ഥിതി സംജാതമാകുകയും ചെയ്യും, സ്പിൽ ഓവറായി പദ്ധതി തുടർവർഷങ്ങളിൽ വരുന്നതു മൂലം, ആ വർഷത്തിൽ മറ്റു വികസനാവശ്യത്തിന് വിനിയോഗിക്കാവുന്ന ഫണ്ട് സ്പിൽ ഓവർ പ്രോജക്ടിനായി മാറ്റിവെയ്ക്കേണ്ടിവരികയും ചെയ്യും. ഈ പ്രവണത തുടരുന്നതിനാൽ പദ്ധതിയ്ക്കായി വകയിരുത്തുന്ന തുക എല്ലാ വർഷങ്ങളിലും നഷ്ടപ്പെടുന്നതിനും, ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് നിരന്തരം വിഘാതം സൃഷ്ടിക്കുന്നതായും കാണുന്നു. കരാറുകാരന്റെ പിഴവു മൂലം പ്രവർത്തിപൂർത്തീകരണ കാലയളവിലുണ്ടാകുന്ന ദീർഘീകരണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018ലെ എ.സി.2/223/15 ത.സ്വ.ഭ. നമ്പർ സർക്കുലർ പ്രകാരം പിഴ ഈടാക്കേണ്ടതും, പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഓ.(പി)13/2012 /PWD/01.02.2012 പ്രകാരം പിഴ ഈടാക്കി ക്രമീകരിച്ചതിനു ശേഷം മാത്രമേ അന്തിമ തുക അനുവദിക്കാവൂ

എന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. നിർവ്വഹണ ഏജൻസിയുടെ പിഴവു മൂലം പദ്ധതി പൂർത്തീകരണത്തിലുണ്ടാകുന്ന കാലതാമസത്തിന് മേൽ പറഞ്ഞ ഉത്തരവു പ്രകാരം നടപടികൾ കൈകൊള്ളേണ്ടതും, ഈ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.32/04.02.2023)

## 1-47 ശ്യാമപ്രസാദ് മുഖർജി നാഷ്ണൽ റർബൻ മിഷൻ പദ്ധതി - കരാറില്ലാതെ 2 കോടിയിലധികം വരുന്ന തുക പൊതുമരാമത്ത് വകുപ്പിന് നല്കി

സാമ്പത്തികവും സാങ്കേതികവുമായി ബന്ധപ്പെട്ട സൗകര്യങ്ങളിലും സേവനങ്ങളിലുമുള്ള നഗര-ഗ്രാമ അന്തരം കുറച്ചുകൊണ്ടു വരുന്നതിനായി, തുല്യതയിലും സമഗ്രതയിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഗ്രാമീണ സമൂഹ ജീവിതത്തിന്റെ സത്ത സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ട്, അടിസ്ഥാനപരമായി നഗര സ്വഭാവമുള്ളതായി കരുതപ്പെടുന്ന സൗകര്യങ്ങളോട് കിടപിടിയ്ക്കത്തക്കതായ "റർബൻ ഗ്രാമങ്ങളുടെ" ഒരു കൂട്ടം സൃഷ്ടിക്കുകയെന്നതാണ് ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ പദ്ധതി ലക്ഷ്യംവെയ്ക്കുന്നത്.
ആവശ്യമായ സൗകര്യങ്ങളോടെ ഈ ക്ലസ്റ്ററുകളെ ശക്തിപ്പെടുത്തുന്നതിനും, വികസിപ്പിക്കുന്നതിനുമായി ഗവൺമെന്റിന്റെ വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ വിഭവ സമാഹരണത്തിനായി നിർദ്ദേശിക്കപ്പെടുകയും, അതിനുമുകളിലായി ഈ ദൗത്യത്തിന് കീഴിൽ ഒരു ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ടിംഗ് (സി.ജി.എഫ്) കേന്ദ്ര സർക്കാർ ദേശീയ റർബൻ മിഷൻ (NruM) മുഖേനെ നൽകുകയും ചെയ്യും.
ശ്യാമപ്രസാദ് മുഖർജി നാഷ്ണൽ റർബൻ മിഷൻ പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം മുഖേന നടപ്പിലാക്കുന്ന Construction Of Periyambalam Road എന്ന പദ്ധതിയ്ക്ക് ₹66,69,500/- യുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ തയ്യാറാക്കി നല്കിയിട്ടുള്ളതാണ്, പദ്ധതിയിൽ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടായി 50 ലക്ഷം രൂപയും, കൺവർജൻസ് ഫണ്ട് 16,69,500/- ഉൾപ്പെടെ ആകെ ₹66,69,500/- വകയിരിത്തിയിട്ടുള്ളതുമാണ്. ആയതു പ്രകാരം താഴെ പട്ടികപ്പെടുത്തിയതുപോലെ ഗ്രാമപഞ്ചായത്ത് വിഹിതമായ കൺവർജൻസ് ഫണ്ടും, തൃശ്ശൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 06.12.21 തിയതിയിലെ സി-4385/2019/പി.എ.യു (7) നമ്പർ ഉത്തരവ് പ്രകാരം ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടായ 50 ലക്ഷം രൂപയും പൊതു മരാമത്ത് വകുപ്പിന് നിക്ഷേപമായി നല്കിയിട്ടുള്ളതാണ്.
ശ്യാമപ്രസാദ് മുഖർജി നാഷ്ണൽ റർബൻ മിഷൻ പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം മുഖേനെ നടപ്പിലാക്കുന്ന Construction Of AEO Nakkola Road എന്ന പദ്ധതിയ്ക്കായി ₹1,23,62,000/- യുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ തയ്യാറാക്കി നല്കിയിട്ടുള്ളതാണ്, പദ്ധതിയിൽ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടായി 1 കോടി രൂപയും, കൺവർജൻസ് ഫണ്ട് 23,62,000/- ഉൾപ്പെടെ ആകെ ₹1,23,62,000/- വകയിരിത്തിയിട്ടുള്ളതുമാണ്. ആയതു പ്രകാരം താഴെ പട്ടികപ്പെടുത്തിയതുപോലെ ഗ്രാമപഞ്ചായത്ത് വിഹിതമായ കൺവർജൻസ് ഫണ്ടും, തൃശ്ശൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 06.12.21 തിയതിയിലെ സി-4385/2019/പി.എ.യു (7) നമ്പർ ഉത്തരവ് പ്രകാരം ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടായ 1 കോടി രൂപയും പൊതു മരാമത്ത് വകുപ്പിന് നിക്ഷേപമായി നല്കിയിട്ടുള്ളതാണ്.

| ക്രമ നം. | പ്രോജക്റ്റിന്റെ പേരു വിവരം | പ്രോജക്ട് നമ്പരും വർഷവും | നല്കിയ തുകയും തിയതിയും | | ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തിയ ഫണ്ടുകൾ | എസ്റ്റിമേറ്റ് നമ്പരും തുകയും |
|---|---|---|---|---|---|---|
| 1 | ശ്യാമപ്രസാദ് മുഖർജി നാഷ്ണൽ റർബൻ മിഷൻ പദ്ധതി- പി.ഡബ്ല്യ.ഡിയ്ക്ക് തുക കൈമാറൽ (എ.ഇ.ഓ. | 100/21 | 2,73,200 | 18.04.20 | MG(R) | AEO നാക്കോല റോഡ്- Est. NO.2019/9837 തുക 1,23,62,000 |
| | | 100/21 | 9,38,833 | 18.04.20 | MG(R) | |
| | | 100/21 | 17,74,167 | 24.08.20 | MG(R) | |
| | | | 9,28,279 | 22000666/ 16.11.20 | തനത് ഫണ്ട് | |
| | | 165/22 | 1,17,021 | 22100676/ | CFC | പെരിയമ്പലം ബീച്ച് റോഡ് |

| | | | | | | |
|---|---|---|---|---|---|---|
| | നക്കോല റോഡ്, പെരിയമ്പലം | | | 19.11.21 | | Est. NO.2019/9836 തുക66,69,500 |
| | ബീച്ച് റോഡ്) | ആകെ | 40,31,500 | | | |

മേൽ അടവാക്കിയ തുകകൾക്ക് പുറമേ പ്രവൃത്തിയുള്ള സെന്റേജ് ചാർജ്ജായി ₹23,39,100/- കൂടി അടവാക്കേണ്ടതാണെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂരിൽ നിന്നും അറിയിച്ചതിനെ തുടർന്ന് 2022-23 വർഷത്തിൽ 128/23 നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി, മെയിന്റനൻസ് ഫണ്ട് റോഡിൽ നിന്നും ₹6,35,000/- (ട്രഷറി റഫൻസ് നം.221306000000012346/16-11-2022), വികസന ഫണ്ട്-പൊതു വിഭാഗത്തിൽ നിന്നും ₹17,04,100/- (ട്രഷറി റഫൻസ് നം.221306000000012345/16-11-2022) ആകെ ₹23,39,100/- പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വകുപ്പിലേയ്ക്ക് അടവാക്കിയിട്ടുള്ളതാണ്.

പ്രോജക്ടിന്റെ നിർവ്വഹണ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1)1996 ലെ കേരള പഞ്ചായത്തീരാജ് (കരാർ) ചട്ടങ്ങൾ ചട്ടം3 (2) അനുശാസിക്കും വിധത്തിൽ പ്രവൃത്തിയ്ക്ക് പൊതുമരാമത്ത് നിരത്തുകൾ വകുപ്പുമായി ചമച്ച കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) 1997-ലെ കേരള പഞ്ചായത്തീരാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ-ചട്ടം-7 പ്രകാരം പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ 09.12.2004-ലെ തദ്ദേശ സ്വയംഭരണ(പി)വകുപ്പ് സർക്കാർ ഉത്തരവ് (എം.എസ്)330/2004/ത.സ്വ.ഭ.വ ഖണ്ഡിക:4.6 റോഡ് മെയിന്റൻസിനായി വകയിരുത്തിയിട്ടുള്ള വിഹിതം പുതിയ റോഡ് നിർമ്മാണത്തിനായി വിനിയോഗിക്കാൻ പാടുള്ളതല്ല എന്നും, ഖണ്ഡിക : 4-8 മെയിന്റൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റാനാവില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ റോഡിന്റെ നിർമ്മാണത്തിനായി മെയിന്റൻസ് ഗ്രാന്റിൽ നിന്നും തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

4) 2 കോടിയിലധികം വരുന്ന തുക പൊതുമരാമത്ത് നിരത്തുകൾ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടും നാളിതുവരെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതു സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും ഫയലിൽ ഇല്ല.

നിയമാനുസൃതമായ കരാർ ചമയ്ക്കാതെ 2 കോടിയിലധികം വരുന്ന തുക നിർവ്വഹണ ഏജൻസിയ്ക്ക് കൈമാറിയത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യത്തിന് വിരുദ്ധമാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 22000666/16.11.20 നമ്പർ വൗച്ചർ പ്രകാരമുള്ള ₹9,28,279/- യും കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും 22000676/19.11.20 നമ്പർ വൗച്ചർ പ്രകാരമുള്ള ₹1,17,021/-യും ഉൾപ്പെടെ ആകെ ₹10,45,300/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

മേൽ അപാകതകൾക്ക് മറുപടി അറിയിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ: 35/04.02.23-ന് മറുപടി നൽകിയിട്ടില്ല.

## 1-48 ഇ-ടെണ്ടർ ഫോമിന്റെ വില പഞ്ചായത്തു ഫണ്ടിൽ അടവാക്കിയിട്ടില്ല

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ നടപടി ക്രമങ്ങൾ ഇ-പോർട്ടൽ സംവിധാനം വഴി നിർവ്വഹിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ഇ-സബ്മിഷൻ ടെൻഡർ സംവിധാനം മുഖേനെ ലഭ്യമായ ടെണ്ടർ-ഫോമിന്റെ വില അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പുന്നയൂർക്കുളം ബ്രാഞ്ചിലുള്ള 37727666052 അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനമായ ഈ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് നാളിതു വരെ ഒടുക്കിയിട്ടില്ലാത്തതാണ്. ഈ തുക അടിയന്തരമായി ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ 33/04.02.23 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 1-49 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സംബന്ധിച്ച് പദ്ധതി-ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2022ലെ 29(1) നമ്പർ തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്

പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്തിലെ ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടന്ന തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ തീർപ്പ് ഉണ്ടാകാത്ത ഇഷ്യൂസ് വാർഡ്, വർക്ക് കോഡ് ഇഷ്യൂ, കാറ്റഗറി

ഇഷ്യൂ സംബന്ധിച്ച് വിവരണം എന്നിവ ഉൾപ്പെടെ പട്ടിക തയ്യാറാക്കി സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ബി.ആർ.പി. ഇൻ-ചാർജ് സമർപ്പിച്ചിട്ടുള്ളത് 17.02.22-ന് ചേർന്ന ഭരണ സമിതി യോഗം വിശദമായി ചർച്ച ചെയ്യുകയും, റിപ്പോർട്ട് ചെയ്തിട്ടുള്ള ഓരോ ഇഷ്യൂസിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗം നല്കിയ മറുപടി പരിഗണിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ സൈറ്റിൽ നടക്കുന്നത് ക്രമപ്രകാരമാണ് എന്ന് വ്യക്തിപരമായി അന്വേഷിച്ച് ഉറപ്പാക്കുന്നതിനും വളരെ കൃത്യതയോടെ മാത്രം മെഷർമെൻറ് ബുക്ക്, ബില്ലുകൾ എന്നിവ രേഖപ്പെടുത്തുന്നതിനും മസ്റ്റർറോൾ സൂക്ഷ്മമായി പരിശോധിച്ച് തൊഴിൽ ദിനങ്ങൾക്ക് അനുസൃതമായി തന്നെ കൂലി അക്കൗണ്ടുകളിലേക്ക് നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും, തൊഴിലാളികളെ കൊണ്ട് തൊഴിൽ ചെയ്യിക്കുമ്പോൾ തൊഴിൽ കാർഡ് പരിശോധിക്കുന്നതിനും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാർക്ക് യോഗം നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഓഡിറ്റ് പരാമർശം | പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത വിവരങ്ങൾ |
|---|---|---|
| 1 | വാർഡ്-17 കുമാരൻപടി പരിസരത്തുള്ള കേന്ദ്ര- സംസ്ഥാന സർക്കാറുകൾ ആവിഷ്കരിക്കുന്ന മറ്റു ഭവനനിർമ്മാ ണം സീത ഊട്ടു വളപ്പിൽ (1607003004/IF /494004) - 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ഉള്ള കാലയളവിൽ 41 ദിനങ്ങളുടെ വേതനം നൽകിയിട്ടുണ്ട്(RS 11931/-). എന്നാൽ ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. ഫൗണ്ടേഷൻ പ്രവർത്തികൾ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. | അധികം നൽകിയ തുക തിരികെ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 2 | അതിർത്തി കാദറങ്ങാടി പരിസരത്തെ ചെറുകിട നാമമാത്ര കർഷകരുത്തട ഭൂമിയിൽ സമഗ്ര നീർത്തട പ്രവർത്തികൾ (1607003004/IF/52 5462) - 2845 എന്ന മസ്റ്റർ റോളിൽ നബീസ അബൂബക്കർ (8/28) എന്ന വ്യക്തി 4 ദിവസം ആണ് തൊഴിൽചെയ്തിരിക്കുന്നത്. എന്നാൽ വേജ് ലിസ്റ്റ് പ്രകാരം 5 ദിവസത്തെ വേതനം നൽകിയിട്ടുണ്ട്. ഈ വ്യക്തിക്ക് 1 ദിവസത്തെ വേതനം അധികമായി നൽകിയിട്ടുണ്ട്. അധികം വേതനം (296/- രൂപ) | അധികം വേതനം (296/- രൂപ) തിരികെ ഈടാക്കിയതിന്റ വിവരം |

തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ : 34/04.02.2023-ന് മറുപടി അറിയിക്കുകയുണ്ടായില്ല.

## 1-50 ദേശീയ തൊഴിലുറപ്പ് പദ്ധതി

പുന്നയൂർകുളം ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | 2021-22 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | | 258 |

| | | | |
|---|---|---|---|
| 2 | 2021-22 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ മൂല്യം | | 37993476 |
| 3 | 2021-22 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | | 228 |
| 4 | 2021-22 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ മൂല്യം | | 37637476 |
| 5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | | 3804 |
| 6 | 2021-22 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | 95763 |
| സ്ത്രീ | പുരുഷൻ | ആകെ | |
| 91932 | 3831 | 95763 | |
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
| 31380 | 0 | 64383 | 95763 |
| 11 | 2021-22 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | | 1729 |
| 12 | 2021-22 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | | 513 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | | 0 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷത്തിൽ വിതരണം ചെയ്ത വേതനം | | 28020476 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2022 വിതരണം ചെയ്യാൻ കുടിശികയുള്ള വേതനം | | 0 |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | | 0 |
| 17 | 2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റു വിഭാഗങ്ങളുമായി സഹകരിച്ച് നടത്തിയ സംയോജിത/ സംയുക്ത പ്രോജക്ടുകൾ (കൺവർജൻസ് സ്കീമുകൾ) സംബന്ധിച്ച വിവരം (ആകെ എണ്ണവും തുകയും) | | 0 |
| | 2021-22 പദ്ധതികൾ സംബന്ധിച്ച വിശാദാംശം | | |

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പൊതു ആസ്തികൾ സൃഷ്ടിക്കൽ | 4 | 210354 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 2 | 146269 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ | 0 | 0 |

| | | | |
|---|---|---|---|
| | പുനരുദ്ധാരണം | | |
| 4 | ഭൂവികസനം | 37 | 14506595 |
| 5 | വ്യക്തിഗത ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ ആസ്തികൾ സൃഷ്ടിക്കൽ | 47 | 8181930 |

പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കൂടുതൽ നടപടികൾ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 69/22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 31092 | 31092 | പൂർത്തീകരിച്ച | 0 |
| പി.ഡബ്ല്യ.ഡി. റോഡ്സ് വിഭാഗം തൃശ്ശൂർ | 165/2022 റർബൻ പദ്ധതി പി.ഡബ്ല്യ.ഡി-യിലേക്ക് തുക അടവാക്കൽ | 22100676/ 19-11-22 | 117021 | 0 | നടന്നു കൊണ്ടിരിക്കുന്ന | 0 ധന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

### 4-3 മൊബിലൈസേഷൻ നൽകിയത്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | മുൻ ബാക്കി | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ച തുക | | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | | പലിശ | |
| KURDFC | ലഭ്യമല്ല | ലഭ്യമല്ല | 17148397 | 4340000 | G.O (Rt) 3367/21/Fin 07.04.21 | 9,09,333 | | 18452397 |
| | | | | | G.O (Rt) 5206/21/Fin 30.07.21 | 10,63,334 | | |
| | | | | | G.O (Rt) 22/22/Fin 01.01.22 | 10,63,333 | | |
| | | | | | ആകെ | 3036000 | | |

ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്കിലെ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. വായ്പാ കണക്കിലെ അപാകതകൾ സംബന്ധിച്ച് ഈ റിപ്പോർട്ടിന്റെ 1-10-16 ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.
ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.
(ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്)

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.
ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,07,32,119.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,87,01,892.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,65,205 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-41 | 25,000 | ശ്രീമതി മീരാ ഭായി.കെ.,അസിസ്റ്റന്റ് സെക്രട്ടറി |
| 1-42 | 6,75,000 | ശ്രീമതി മീരാ ഭായി.കെ.,അസിസ്റ്റന്റ് സെക്രട്ടറി |
| 1-44 | 21,9905 | ശ്രീമതി മിനി സി, ഹെഡ്മിസ്ട്രസ്സ് |
| 1-47 | 10,45,300 | ശ്രീമതി ആശാമോൾ.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 19,65,205 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മീരാ ഭായി കെ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുന്നയൂർക്കുളം ഗ്രാമ പഞ്ചയാത്ത് | കണ്ടിയൂർ വീട്, ചുണ്ടൽ, തൃശ്ശൂർ – 680 502 |
| ശ്രീമതി ആശാമോൾ എം., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുറക്കാട് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല | ഭാസുരാലയം, എഴുപ്പുന്ന, ചേർത്തല, ആലപ്പുഴ ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/ SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT.11-321/98 Dt.2.11.98 4.2.99 | 2 | 35(C) | |
| | | | | 37 | |
| 2 | 1997-98 | LFT.17-340/99 Dt.14.05.99 | 13 | 25 | |
| | | | | 27 | |
| | | | | 28 | |
| | | | | 35(1) | |
| | | | | 35(3) | |
| | | | | 35(4) | |

| | | | | | |
|---|---|---|---|---|---|
| | | | | 36 | |
| | | | | 39 | |
| | | | | 40 | |
| | | | | 41 | |
| | | | | 42 | |
| | | | | 59 | |
| | | | | 60 | |
| 3 | 1998-99<br>വരവ് | LFT.13-906/02<br>Dt.05.03.03 | 1 | 18 | |
| 4 | 1998-99<br>ചെലവ് | LFT.17-1713/2000<br>Dt.6.2.2001 | 14 | 16 | |
| | | | | 17 | |
| | | | | 18 | |
| | | | | 19 | |
| | | | | 20 | |
| | | | | 21 | |
| | | | | 31 | |
| | | | | 33 | |
| | | | | 34 | |
| | | | | 37 | |
| | | | | 40 | |
| | | | | 44 | |
| | | | | 45 | |
| | | | | 46 | |
| 5 | 1999-2000 | LFT.13-907/02<br>Dt.16.05.03/<br>11.06.03 | 5 | 27എ,ബി | സർചാർജ്ജ് |
| | | | | 32 | |
| | | | | 39എ,ബി | സർചാർജ്ജ് |
| | | | | 41 | സർചാർജ്ജ് |
| | | | | 42 | സർചാർജ്ജ് |
| 6 | 2000-01 | LFT.13-1810/2004<br>Dt.07.07.2005 | 1 | 3-1 | |
| 7 | 2000-01 &<br>2001-02<br>ജനകീയാസൂത്രണം<br>(ചെലവ്) | LFT.13-1399/2003<br>Dt.6.4.04/<br>9.7.04 | 5 | 3 | |
| | | | | 4 | |
| | | | | 5 | |
| | | | | 6 | |

| | | | | | |
|---|---|---|---|---|---|
| | | | | 9 | |
| 8 | 2001-02 | LFT.13-1936/04 Dt.08.07.2005 | 5 | 3-3 | |
| | | | | 3-11 | |
| | | | | 3-12 | |
| | | | | 3-13 | |
| | | | | 3-15 | |
| 9 | 2002-03 | LFT.13-739/2005 Dt.17.01.06 | 4 | 3-7 | |
| | | | | 3-11 | |
| | | | | 3-15 | |
| | | | | 3-16 (എ, ബി) | |
| 10 | 2003-04 | LFT.13-1268/08 Dt.14.12.19 | 7 | 3-3(1,2) | |
| | | | | 3-5 | |
| | | | | 3-9 | |
| | | | | 3-10 | |
| | | | | 3-11 | |
| | | | | 3-12 | |
| | | | | 3-14 | |
| 11 | 2004-05 | LFT.13-1269/08 Dt.14.12.09 | 8 | 3-3 | |
| | | | | 3-7 | |
| | | | | 3-8 | |
| | | | | 3-9 | |
| | | | | 3-10 | |
| | | | | 3-11 | |
| | | | | 3-12 | |
| | | | | 3-13 | |
| 12 | 2005-06 | LFT.13-396/10 Dt.08.11.10/ 7.5.11 | 5 | 3-1 | |
| | | | | 3-2 | |
| | | | | 3-8 | |
| | | | | 3-9 | |
| | | | | 3-11(1) | |
| 13 | 2006-07 | LFT.13-397/10 Dt.16.11.10/ 27.05.11 | 7 | 3-5 | |
| | | | | 3-6 | |

| | | | | | |
|---|---|---|---|---|---|
| | | | | 3-8 | |
| | | | | 3-10 | |
| | | | | 3-11 | |
| | | | | 3-12 | |
| | | | | 3-13 | |
| 14 | 2007-08 | LFT(P1)-655/11 Dt.30.09.11/ 8.12.11 | 12 | 2-1 | |
| | | | | 2-4 | |
| | | | | 3-2 | |
| | | | | 3-3 | |
| | | | | 3-5 | |
| | | | | 3-7(എ,ബി) | |
| | | | | 3-8 | |
| | | | | 3-9 | |
| | | | | 3-11 | |
| | | | | 3-12 | |
| | | | | 3-13(1) | |
| | | | | 3-14 | |
| 15 | 2008-09 2009-10 2010-11 | LFT.(P4)-1874/2012 Dt.11.3.13/ 15.06.13 | 42 | 2-1 | |
| | | | | 2-2 | |
| | | | | 2-3 | |
| | | | | 2-4 | |
| | | | | 2-5 | |
| | | | | 2-6 | |
| | | | | 3-1 | |
| | | | | 3-2 | |
| | | | | 3-3 | |
| | | | | 3-4(എ,ബി) | |
| | | | | 3-5 | |
| | | | | 3-6 | |
| | | | | 3-7 | |
| | | | | 3-8 | |
| | | | | 3-9 | |
| | | | | 3-10 | |
| | | | | 3-11 | |
| | | | | 3-12 | |
| | | | | 3-13 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 3-14 | | |
| | | | | 3-15 | | |
| | | | | 3-16 | | |
| | | | | 3-17 | | |
| | | | | 3-18 | | |
| | | | | 3-19 | | |
| | | | | 3-20 | | |
| | | | | 3-21 | | |
| | | | | 3-22 | | |
| | | | | 3-23 | | |
| | | | | 3-24 | | |
| | | | | 3-25 | | |
| | | | | 3-26(എ,ബി) | | |
| | | | | 3-27 | | |
| | | | | 3-28 | | |
| | | | | 3-29 | | |
| | | | | 3-30 | | |
| | | | | 3-31 | | |
| | | | | 3-32 | | |
| | | | | 3-33 | | |
| | | | | 3-34 | | |
| | | | | 3-35 | | |
| | | | | 3-36 | | |
| | | | | | | |
| 16 | 2011-12 | LFT(P4)-744/13 Dt.23.08.13/ 6.12.13 | 18 | 2-3 | | |
| | | | | 2-4 | | |
| | | | | 2-6 | | |
| | | | | 3-1 | | |
| | | | | 3-2 | | |
| | | | | 3-3 | | |
| | | | | 3-4 | | |
| | | | | 3-5(1) | | |
| | | | | 3-5(2) | | |
| | | | | 3-6 | | |
| | | | | 3-7 | | |
| | | | | 3-8 | | |
| | | | | 3-9 | | |
| | | | | 3-10 | | |
| | | | | 3-14 | | |

| | | | | | |
|---|---|---|---|---|---|
| | | | | 3-15(1) | |
| | | | | 3-17 | |
| | | | | 3-19 | |
| 17 | 2012-13 | LFT(P8)253/14 Dt.20.08.14/ 29.10.14 | 8 | 3-1 | |
| | | | | 3-4(4,5) | |
| | | | | 3-5 | |
| | | | | 3-10 | |
| | | | | 3-11 | |
| | | | | 3-15 | |
| | | | | 3-16 | |
| | | | | 3-17(2,3) | |
| 18 | 2013-14 | KSATSR (P8)-26/16 Dt.13.1.16 8.3.16 | 18 | 2-3(1,2) | |
| | | | | 2-7 | |
| | | | | 2-8 | |
| | | | | 3-2 | |
| | | | | 3-5 | |
| | | | | 3-6 | |
| | | | | 3-8 | |
| | | | | 3-9 | |
| | | | | 3-14 | |
| | | | | 3-15 | |
| | | | | 3-16(1,2) | |
| | | | | 3-17 | |
| | | | | 3-22 | |
| | | | | 3-23 | |
| | | | | 3-25 | |
| | | | | 3-31 | |
| 19 | 2014-15 | KSATSR(P8)-937/16 Dt.13.06.16 | 4 | 3-1 | |
| | | | | 3-3 | |
| | | | | 3-4 | |
| | | | | 3-5 | |
| 20 | 2015-16 | KSATSR(P8)-1845/16 Dt.22.12.17 | 9 | 2-1 | |
| | | | | 2-2 | |

| | | | | | |
|---|---|---|---|---|---|
| | | | | 3-5 | |
| | | | | 3-6 | |
| | | | | 3-10 | |
| | | | | 3-12 | |
| | | | | 3-13 | |
| | | | | 3-16 | |
| | | | | 3-20 | |
| 21 | 2016-17 | KSATSR (P8)-1515/17 Dt.14.11.17 | 16 | 2-1 | |
| | | | | 2-2 | |
| | | | | 2-3 | |
| | | | | 2-5 | |
| | | | | 2-6 | |
| | | | | 3-1(ബി) | |
| | | | | 3-1(സി) | |
| | | | | 3-2(എ) | |
| | | | | 3-2(ബി) | |
| | | | | 3-3 | |
| | | | | 3-4 | |
| | | | | 3-7 | |
| | | | | 3-9 | |
| | | | | 3-11 | |
| | | | | 3-15 | |
| | | | | 3-19 | |
| | | | | 3-22 | |
| | | | | 3-24 | |
| 22 | 2017-18 | KSATSR(P8)-1738/2018 Dt.14.12.18 | 22 | 2-2 | |
| | | | | 2-3 | |
| | | | | 2-4 | |
| | | | | 2-7 | |
| | | | | 3-4-2 | |
| | | | | 3-5 | |
| | | | | 3-6 | |
| | | | | 3-7(i)1 | |
| | | | | 3-7(i)2 | |
| | | | | 3-7(ii) | |
| | | | | 3-7(iii) (2,3,4,5) | |

| | | | | | |
|---|---|---|---|---|---|
| | | | | 3-8 | |
| | | | | 3-10 | |
| | | | | 3-13(1) | |
| | | | | 3-13(iii) | |
| | | | | 3-13(iv) | |
| | | | | 3-13(v) | |
| | | | | 3-14 | |
| | | | | 3-15 | |
| | | | | 3-17 | |
| | | | | 3-18 | |
| | | | | 3-20 | |
| 23 | 2018-19 | കെ.എസ്.എടി.എസ്.ആർ (പി.8)701/2020 തിയതി:04/08/20 | 34 | 1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41,3-1,3-2,3-3 | |
| 24 | 2019-20 | KSATSR(P12) 965/2022. തീയ്യതി: 05/07/2022 | 29 | 1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,3-1 | |
| 25 | 2020-21 | KSATSR(P12) 966/2022. തീയ്യതി: 02/07/2022 | 29 | 1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,3-1 | |
| | ആകെ | | 318 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്